# ഹൃദയനാദം

## പാരിഷ് ബുള്ളറ്റിൻ



ജൂലൈ - ഓഗസ്റ്റ് 2026 | പുസ്തകം 23 | ലക്കം 01

**സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് തിരുവമ്പാടി**


എന്നെന്നും
നിലനിൽക്കുന്ന
ആത്മബന്ധം
THOMARAKKATTIL
Anurag
Jewellery
37 വർഷത്തെ
പാരമ്പര്യവുമായി
സ്വർണ്ണം, ഡയമണ്ട്, വെള്ളി ആഭരണങ്ങളുടെ ഏറ്റവും പുതിയ കളക്ഷൻ...
പ്രതിമാസ സമ്പാദ്യ പദ്ധതി.
ഗോൾഡ് ഡെപ്പോസിറ്റ് സ്കീം.
അഡ്വാൻസ് ബുക്കിംഗ് ഫെസിലിറ്റി.
20 പവൻ സ്വർണ്ണമെടുക്കുന്ന വിവാഹ പാർട്ടികൾക്ക് അനുരാഗ് ഓഡിറ്റോറിയം ഫംഗ്ഷനുവേണ്ടി 1 ദിവസത്തേക്ക് ഫ്രീ.
Near Bus Stand,
THIRUVAMBADY
Ph : 0495 225 22 82
9446 25 63 83, 9747 68 02 42


പുതുമകളോടെ..
27 വർഷത്തെ പാരമ്പര്യവുമായി
കൂടുതൽ സൗകര്യങ്ങളോടുകൂടി
THOMARAKKATTIL
Anurag
AUDITORIUM
Thiruvambady
Ph : 0495 225 2282
9446 25 63 83, 9747 68 02 42
വിശാലമായ കാർപാർക്കിംഗ്
A/c, Non A/c
ചൊവ്വ മുതൽ വെള്ളി വരെ
25% ഡിസ്കൗണ്ട്



മികച്ച കുടുംബ യൂണിറ്റിനുള്ള രൂപത അവാർഡ്
സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റിന് ബഹു. വികാരിയച്ചൻ നൽകുന്നു.



ബൈബിൾ ക്വിസ് മത്സരം രൂപത വിജയി
ഷൈനി താമരക്കാട്ടിലിന് അവാർഡ് നൽകുന്നു



മിഷൻലീഗ് വർഷാചരണം ബഹു. വികാരിയച്ചൻ ഉദ്ഘാടനം ചെയ്യുന്നു




ഇടവകയുടെ പുതിയ ട്രസ്റ്റിമാരുടെ സത്യപ്രതിജ്ഞ



പുതിയ കൈക്കാരൻമാർ സത്യപ്രതിജ്ഞ ചെയ്യുന്നു



സൺഡെ സ്കൂൾ പ്ലസ്ടു വിദ്യാർത്ഥികൾക്ക് സെന്റോഫ് നൽകിയപ്പോൾ


Remembering
Our Beloved Priest
1st ANNIVERSARY
13.06.2026
FR. TOMY ETTIYIL M.SS.CC
(20.12.1974 - 13.06.2025)
ORDINATION : 29.12.2004
FOREVER IN OUR HEARTS
"Do not let your hearts be troubled.
You believe in God;
believe also in me
John 14:1


ഏദൻതോട്ടം
HOME NURSERY
NALPATHUMENI, THIRUVAMBADY, KOZHIKODE - 673603
ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ,
പച്ചക്കറി വിത്തുകൾ, ജൈവ വളങ്ങൾ,
കാർഷിക ഉപകരണങ്ങൾ, ചെടിച്ചട്ടികൾ..
9495 69 38 14
9605 42 41 62
www.edenthottam.com




Safe Comfortable Reliable Journey
Get The
Best Car for TAXI
Make Your Ride Better
Airport Transfers
Local & Outstation Trips
Tour Packages
Safe & Comfortable Ride
9745176194
9745176195
LetsGo
ROAD WAY
TOUR & TRAVELS
Looking for a Driver? To Drive your own vehicle
THIRUVAMBADY, KOZHIKODE, KERALA
Email: letsgotdy@gmail.com




LV
lake view holiday Villa
VILLAS | OPEN AIR STAGE
FISHING | BARBEQUE
Thiruvambady, perumalippadi.
kozhikode-kerala
9846 323 145
FACILITIES FOR : WEDDING RELATED STAY, PHOTOSHOOT etc...

# NOMI TRIPS

*Explore The World With Passion*




OUR SERVICES

- FLIGHT TICKETS
- TOUR PACKAGES
- RESORT BOOKING
- VISA SERVICES
- CERTIFICATE ATTESTATION
- EMBASSY ATTESTATION
- TRAIN / BUS TICKETS

CHAT WITH OUR TRAVEL ASSISTANT FOR INSTANT SUPPORT FOR

All Travel Service
JUST ONE CLICK AWAY

Scan to chat on Whatsapp

- TRAVEL BOOKINGS
- VISA ASSISTANCE
- HOLIDAY PLANNING
- DOCUMENTATION SERVICES


Call / Whatsapp
97452 17464
Save our Whatsapp Number for Instant Travel Assistance

2nd Floor, Convent Building
Opp. Bus Stand, Thiruvambady , Kozhikode

info@nomitrips.com
www.nomitrips.com


# പാവനസ്മരണയ്ക്ക്

41-ാം ചരമദിനം (07.07.2026)



## കെ.സി. ജോസഫ്

## ആനന്ദശ്ശേരിൽ

ജനനം : 08.09.1943

മരണം : 28.06.2026

പ്രാർത്ഥനയോടെ...
കുടുംബാംഗങ്ങൾ




*with prayerful wishes:*

Kanjirakkattuthottiyil & Mavelil Families

KSEB
Empanelled Company

PM SURYA GHAR

പദ്ധതിയിലൂടെ
78,000 രൂപ
സബ്സിഡിയോടെ
സോളാർ
സ്ഥാപിക്കാം

9446 256 362
6238 089 187



ലോൺ സൗകര്യം
ലഭ്യമാണ്
EMI
Rs. 1350/-
മാത്രം

- Ongrid & Offgrid Solar Plants
- 14 വർഷത്തെ സേവനപാരമ്പര്യം
- 1000ലേറെ സംതൃപ്തരായ ഉപഭോക്താക്കൾ
- 30 വർഷം വാറണ്ടിയുള്ള പാനലുകൾ
- ഓൺഗ്രിഡ് പ്ലാന്റുകൾക്ക് 5 വർഷം ഫ്രീ മെയിന്റനൻസ്

Solar Water Heater, Solar Street light,
Solar Fencing, Solar Pumb sets

VICTORY SOLAR™
INTERNATIONAL
AN ISO 9001:2008 CERTIFIED COMPANY
Agastiamuzhi, Mukkam, Kozhikode 673 602
victorysolarintl@gmail.com

# സ്നേഹസ്മരണയ്ക്ക്

1-ാം ചരമവാർഷികം
(04.07.2026)

4-ാം ചരമവാർഷികം
(10.07.2026)



## എ.വി. തോമസ് മാസ്റ്റർ

ജനനം : 11.04.1934
മരണം : 04.07.2025

## മേരി തോമസ്

മരണം : 10.07.2022

# തോണിപ്പാറക്കൽ

"ഞാനാണ് പുനരുത്ഥാനവും
ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

യോഹ. 11:25

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ



"ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ
എന്റെ നുകം വഹിക്കുകയും എന്നിൽനിന്ന് പഠിക്കുകയും ചെയ്യുവിൻ.
അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും."

# ഹൃദയനാദം

## പാരിഷ് ബുള്ളറ്റിൻ

### തിരുക്കർമ്മങ്ങൾ

**ഞായർ**

| | | |
|---|---|---|
| 5.45 am | : | വി. കുർബ്ബാന |
| 7.30 am | : | വി. കുർബ്ബാന |
| 9.30 am | : | വി. കുർബ്ബാന |
| 4.00 pm | : | വി. കുർബ്ബാന |

**തിങ്കൾ – ശനി**

| | | |
|---|---|---|
| 5.45 am | : | ആരാധന, വി. കുർബ്ബാന |
| 7.00 am | : | വി. കുർബ്ബാന |

**വെള്ളി – ശനി**

| | | |
|---|---|---|
| 4.15 pm | : | വി. കുർബ്ബാന |

**ശനി**

| | | |
|---|---|---|
| 4.15 pm | : | വി. കുർബ്ബാന, നൊവേന (യൂദാതദേവൂസ്) |


### എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**

**ഫാ. തോമസ് നാഗപറമ്പിൽ**
(വികാരി) : 9446256672

**മാനേജിംഗ് എഡിറ്റർ**

**ഫാ. സാവിയോ മലമ്പേൽ**
(അസി. വികാരി) : 8848500895

**ചീഫ് എഡിറ്റർ**

**കെ.റ്റി. ജോസഫ് കുറ്റിക്കാട്ടുമണ്ണിൽ**
Mob : 9946896595

**സബ് എഡിറ്റേഴ്സ്**

**കുര്യാക്കോസ് പുത്തൻപുരയ്ക്കൽ**
Mob : 9846610810

**ലിബീഷ് ജോസഫ് പുരയിടത്തിൽ**
Mob : 9946089047

**സിസ്റ്റർ ലിയ പോൾ** CMC
Mob : 8281166871

**സജി കളപ്പുരയ്ക്കൽ**
Mob: 9745744985

**ജോസ് ജോസഫ് പുറത്തൂട്ട്**
Mob: 9745434528



Printed at : Bright Media Thiruvambady
Ph : 0495 225 5565, 9447365065

പുസ്തകം 23 | ലക്കം 01 | 2026 ജൂലൈ – ഓഗസ്റ്റ്



**സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് തിരുവമ്പാടി**

താമരശ്ശേരി രൂപത, കോഴിക്കോട് – 673 603 email : vicarshfchurch@gmail.com



# ഉൾപേജുകളിൽ


ഇടയശബ്ദം ..... 13
സ്നേഹപൂർവ്വം കൊച്ചച്ചൻ ..... 15
ഇടവകാ വാർത്തകൾ ..... 18
ഓർമ്മയിൽ സൂക്ഷിക്കാൻ ..... 20
സഭാവാർത്തകൾ ..... 20
സംഘടനാവാർത്തകൾ ..... 21
സ്കൂൾ വാർത്തകൾ ..... 24
വിശ്വസ്തത എന്ന പുണ്യം ..... 29
കവിത ..... 40
ചെറുകഥ ..... 42
ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ ..... 46
തിരുവമ്പാടി ഇന്നലെയും ഇന്നും ..... 53
വിവാഹിതരായി ..... 64
നവമുകുളങ്ങൾ, നിത്യസമ്മാനത്തിനായി ..... 65
വചനം അനുദിന വായനയ്ക്ക് ..... 66



**ഇടവകാ ട്രസ്റ്റിമാർ**

| | |
|---|---|
| സിബി സ്റ്റാൻലി വെട്ടിക്കാട്ട് | 7907802509 |
| ബെന്നി കിഴക്കേപ്പറമ്പിൽ | 9539301785 |
| റോബിൻസൺ കുംബ്ലാട്ടുകുന്നേൽ | 9447007766 |
| ബേബി ആലക്കൽ | 9447262210 |

**അക്കൗണ്ടന്റ്**

| | |
|---|---|
| സണ്ണി പെണ്ണാപറമ്പിൽ | 9495293576 |

**ദേവാലയ ശുശ്രൂഷി**

| | |
|---|---|
| വിപിൻ കടുവത്താഴെ | 9562587769 |

**പാരിഷ് സെക്രട്ടറി**

| | |
|---|---|
| തോമസ് വലിയപറമ്പൻ | 9447338652 |






## ഇടയശബ്ദം

# തോമായുടെ പാതയിൽ

പ്രിയ ഇടവകാംഗങ്ങളേ,

മഴത്തുള്ളികൾ ഭൂമിയെ പുതുക്കുന്നതുപോലെ, ദൈവാനുഗ്രഹം നമ്മുടെ ജീവിതങ്ങളെയും പുതുക്കുവാൻ ക്ഷണിക്കുന്ന മാസമാണ് ജൂലൈ. ഈ മാസത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നത് ഭാരതസഭയുടെ വിശ്വാസപിതാവായ വിശുദ്ധ തോമാശ്ലീഹായെയാണ്. ദൈവത്തിന്റെ വഴികൾ പൂർണമായി മനസ്സിലാക്കാനാകാത്ത നിമിഷങ്ങളിലും സത്യാന്വേഷണത്തിനുള്ള ധൈര്യം കൈവിടാതിരുന്ന ഒരു ശിഷ്യനായിരുന്നു അദ്ദേഹം.

വിശ്വാസം എന്നത് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്ന അവസ്ഥയല്ല; മറിച്ച് ഉത്തരങ്ങൾ വ്യക്തമല്ലാത്തപ്പോഴും ദൈവത്തോടൊപ്പം മുന്നോട്ട് നടക്കാനുള്ള ധൈര്യമാണ്. വിശുദ്ധ തോമാശ്ലീഹായുടെ ജീവിതം ഈ സത്യത്തിന്റെ മനോഹരമായ സാക്ഷ്യമാണ്. അദ്ദേഹത്തിന്റെ വിശ്വാസയാത്ര നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവം നമ്മുടെ സംശയങ്ങളെയും ചോദ്യങ്ങളെയും ഭയപ്പെടുന്നില്ലെന്നും, അവയെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുന്ന വഴികളാക്കി മാറ്റുന്നുവെന്നുമാണ്.

ഇന്നത്തെ ലോകം വേഗതയുടെയും മത്സരത്തിന്റെയും അനിശ്ചിതത്വങ്ങളുടെയും നടുവിലാണ്. മനുഷ്യബന്ധങ്ങൾ ദുർബലമാകുകയും ആത്മീയ മൂല്യങ്ങൾ വെല്ലുവിളിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, വിശുദ്ധ തോമാശ്ലീഹായുടെ ജീവിതം നമ്മെ സത്യത്തിന്റെയും വിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും പാതയിലേക്ക് ക്ഷണിക്കുന്നു. കുടുംബങ്ങളിൽ പ്രാർത്ഥനയുടെ വെളിച്ചം തെളിയാനും, യുവജനങ്ങളിൽ ലക്ഷ്യബോധം വളരാനും, കുട്ടികളിൽ നന്മയുടെ വിത്തുകൾ മുളയ്ക്കാനും ഈ മാസം കാരണമാകട്ടെ. നാം ഓരോരുത്തരും നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും ലോകത്തോട് പങ്കുവയ്ക്കുന്ന സാക്ഷികളാകട്ടെ.

ഭാരതത്തിന്റെ മണ്ണിൽ വിശ്വാസത്തിന്റെ വിത്ത് വിതച്ച വിശുദ്ധ തോമാശ്ലീഹായുടെ മധ്യസ്ഥതയാൽ നമ്മുടെ കുടുംബങ്ങളും

ഇടവകയും സമൂഹവും സമാധാനത്താലും ഐക്യത്താലും ആത്മീയ ഉണർവിനാലും സമൃദ്ധമാകട്ടെ.

വിശ്വാസം പുതുക്കപ്പെടുകയും പ്രത്യാശ പൂത്തുലയുകയും സ്നേഹം ഫലം കായ്ക്കുകയും ചെയ്യുന്ന അനുഗ്രഹം നിറഞ്ഞ ദിവസങ്ങൾ ഏവർക്കും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

വികാരിയച്ചൻ,

**ഫാ. തോമസ് നാഗപറമ്പിൽ**



## സ്നേഹപൂർവ്വം കൊച്ചച്ചൻ



# പകർന്നു ലഭിച്ച വിശ്വാസം പ്രത്യാശയുടെ സാക്ഷ്യമാകണം

തൊട്ടറിഞ്ഞ ക്രിസ്തുസ്നേഹത്തിന്റെ ആഴമേറിയ അനുഭവം ഭാരതത്തിന്റെ മണ്ണിൽ പ്രകാശിതമാക്കിയ ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ പുതുക്കുന്ന ദുക്റാന തിരുനാളും, സ്വർഗ്ഗരാജ്യത്തിന്റെ പ്രത്യാശയുടെ പ്രകാശമായി മാറിയ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും നാം ആഘോഷിക്കുകയാണല്ലോ.

പകർന്നു ലഭിച്ച വിശ്വാസത്തെ അഭംഗുരം കാത്തുസൂക്ഷിക്കാനും, അതേ വിശ്വാസം വരും തലമുറകളിലേക്ക് സ്നേഹത്തോടെ പകർന്നു നൽകാനുമുള്ള ഉത്തരവാദിത്വം ഈ തിരുനാളുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. മാർ തോമാശ്ലീഹായുടെ സാക്ഷ്യത്തിലൂടെ നമ്മുടെ പൂർവികർക്ക് ലഭിച്ച വിശ്വാസം, നൂറ്റാണ്ടുകളുടെ യാത്രയിലുടനീളം അവർ ഹൃദയത്തിൽ സൂക്ഷിക്കുകയും ജീവിതസാക്ഷ്യത്തിലൂടെ നമുക്ക് കൈമാറുകയും ചെയ്തു.

ദുക്റാന എന്ന വാക്കിന്റെ അർത്ഥം ‘ഓർമ്മ‘ എന്നാണ്. എന്നാൽ ദുക്റാന വെറും ഒരു ഓർമ്മ മാത്രമല്ല; നമ്മുടെ വിശ്വാസജീവിതത്തെ പുതുക്കുവാനുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. വിശ്വാസത്തിന്റെ മൂല്യങ്ങൾ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ, ക്രിസ്തുവിനെ ധൈര്യത്തോടെ ഏറ്റുപറയാനും ജീവിതത്തിലൂടെ സാക്ഷ്യം നൽകാനുമുള്ള വിളിയാണ് അത്.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം, ഭൂമിയിലെ വിശ്വാസയാത്ര സ്വർഗ്ഗീയ പ്രത്യാശയിലേക്ക് നയിക്കപ്പെടുന്നു എന്ന സത്യത്തിന്റെ ആഘോഷമാണ്. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച മറിയം നമ്മെ പഠിപ്പിക്കുന്നത് എല്ലാ സാഹചര്യങ്ങളിലും പ്രത്യാശ നഷ്ടപ്പെടുത്താതെ ദൈവഹിതത്തിൽ നിലകൊള്ളാനാണ്.

വിശ്വാസം നമ്മെ സ്വർഗ്ഗത്തെ പ്രത്യാശിക്കുവാൻ ശക്തരാക്കുന്നു. നമ്മുടെ കുറവുകളിലും ബലഹീനതകളിലും ദൈവകൃപയിൽ ആശ്രയിക്കാനും, ജീവിതത്തിന്റെ ഇരുളടഞ്ഞ നിമിഷങ്ങളിൽ

പോലും പ്രത്യാശയുടെ സാക്ഷികളാകാനും വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു.

ഈ തിരുനാളുകളുടെ ആത്മീയ സന്ദേശം നമ്മുടെ കുടുംബങ്ങളിലും ഇടവകയിലും സജീവമായ സുവിശേഷ സാക്ഷ്യമായി മാറട്ടെ. വിശ്വാസത്തിൽ ഉറച്ചും, സ്നേഹത്തിൽ വളർന്നും, പ്രത്യാശയിൽ മുന്നേറിയും ക്രിസ്തുവിന്റെ സാക്ഷികളായി നമുക്ക് ജീവിക്കാം.

ദൈവാനുഗ്രഹങ്ങൾ ഏവർക്കും സമൃദ്ധമായി ലഭിക്കട്ടെ.

സ്നേഹത്തോടെ, കൊച്ചച്ചൻ

**ഫാ. സാവിയോ മലമ്പേൽ**





അങ്ങേ തിരുമുറിവുകളിൽ... എന്നെ ഇരുത്തേണമേ...
അങ്ങേ തിരുഹൃദയത്തിൽ... എന്നെ മറയ്ക്കേണമേ...

# ഇടവകാ വാർത്തകൾ



**തോമസ് വലിയപറമ്പൻ** (പാരിഷ് സെക്രട്ടറി)

**മതാധ്യാപന രംഗത്ത് സിൽവർ ജൂബിലി:** മതാധ്യാപനത്തിൽ 25 വർഷം പൂർത്തിയാക്കിയവരെ രൂപത മതബോധന കേന്ദ്രം ആദരിച്ചു. തിരുവമ്പാടി ഇടവകയിൽ നിന്നുള്ള സജി കളപ്പുരയിൽ, തോമസ് വലിയപറമ്പിൽ, സാനി തോമസ് വലിയപറമ്പിൽ എന്നിവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിന്ന് രൂപതയുടെ ആദരവ് ഏറ്റുവാങ്ങി.



സജി കളപ്പുരയിൽ



തോമസ് വലിയപറമ്പിൽ



സാനി തോമസ് വലിയപറമ്പിൽ

**ട്രസ്റ്റിമാർ ചുമതലയേറ്റു:** ഇടവകയുടെ പുതിയ ട്രസ്റ്റിമാരായി ബെന്നി കിഴക്കേപറമ്പിൽ, റോബിൻസൺ കുബ്ലാട്ടുകുന്നേൽ, സിബി വെട്ടിക്കാട്ട്, ബേബി ആലക്കൽ എന്നിവർ ചുമതല ഏറ്റു. ദിവ്യബലിയോട് അനുബന്ധിച്ച് വികാരിയച്ചന്റെ മുൻപിൽ സത്യപ്രതിജ്ഞ ചെയ്താണ് ട്രസ്റ്റിമാർ ചുമതല ഏറ്റത്.

**സെന്റ് ജോർജ് തിരുനാൾ ആചരിച്ചു:** ഇടവകയുടെ നേതൃത്വത്തിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ആഘോഷിച്ചു. ദിവ്യബലി ലദീഞ്ഞ് എന്നിവ നടത്തി. നേർച്ചക്കോഴികളുടെ ലേലവും തിരുനാളിനോട് അനുബന്ധിച്ച് ഉണ്ടായിരുന്നു.

**തിരുഹൃദയ തിരുനാൾ ആചരിച്ചു:** ഇടവക ദേവാലയം പ്രത്യേകമായി സമർപ്പിക്കപ്പെട്ട തിരുഹൃദയ തിരുനാൾ ജൂൺ 12ന് ഭക്ത്യാദരപൂർവ്വം ആചരിച്ചു. ദിവ്യബലി, ലദീഞ്ഞ്, നേർച്ച ഭക്ഷണം എന്നിവ ഉണ്ടായിരുന്നു. അൽഫോൻസ സെമിനാരി റെക്ടർ ഫാ. അന്വേഷ് പാലക്കിയിൽ മുഖ്യകാർമികനായിരുന്നു.




**മിഷൻ ലീഗ് പ്രവർത്തന വർഷ ഉദ്ഘാടന റാലി**





**ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ പരിസ്ഥിതി ദിനത്തിൽ**
**പള്ളി അങ്കണത്തിൽ മാവിൻ തൈ നടുന്നു**



ചെറുപുഷ്പ മിഷൻ ലീഗ്
താമരശ്ശേരി രൂപതാ പ്രസിഡണ്ട്
ആയി തെരഞ്ഞെടുക്കപ്പെട്ട
**ഇവാൻ ജേക്കബ്**
**കുറ്റിക്കാട്ടുമണ്ണിൽ**, രൂപതാ
എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായി
തെരഞ്ഞെടുക്കപ്പെട്ട **മരിയ**
**റോസ് സോബിൻ കുമ്പാട്ട്**
എന്നിവർക്ക് ഇടവകയുടെ



# അഭിനന്ദനങ്ങളും ആശംസകളും!!

# പാവനസ്മരണക്ക്

**35–ാം ചരമ വാർഷികം**



**പി.ഡി. മത്തായി പുറത്തൂട്ട്**
മരണം : 20.07.1991

**28–ാം ചരമ വാർഷികം**



**ഏലി മത്തായി പുറത്തൂട്ട്**
മരണം : 26.08.1998

**38–ാം ചരമ വാർഷികം**



**പി.ഡി. ഉലഹന്നാൻ പുറത്തൂട്ട്**
മരണം : 20.08.1988

**31–ാം ചരമ വാർഷികം**



**തോമസ് (തോമാച്ചൻ) പുറത്തൂട്ട്**
മരണം : 19.06.1995

**സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ**

# ഓർമ്മയിൽ സൂക്ഷിക്കാൻ

**ജൂലൈ 2026**

3 – വി. തോമാശ്ലീഹ
6 – വി. മരിയാ ഗൊരേത്തി
11 – വി. ബെനഡിക്റ്റ്
16 – കർമ്മലമാതാവിന്റെ തിരുനാൾ
22 – വി. മഗ്ദലനമറിയം
25 – വി. യാക്കോബ് ശ്ലീഹ
26 – വി. ജോവാക്കിമും വി. അന്നായും
31 – വി. ഇഗ്നേഷ്യസ് ലയോള

**ഓഗസ്റ്റ് 2026**

4 – വി. ജോൺ മരിയ വിയാനി
8 – വി. ഡൊമിനിക്
10 – വി. ലോറൻസ്
11 – വി. ക്ലാര
15 – പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം
18 – സെന്റ് ഹെലേന
24 – വി. ബർത്തലോമിയോ

# സഭാവാർത്തകൾ

- FCRA ബില്ലിനെതിരെയുള്ള ആശങ്ക: വിദേശ സംഭാവന നിയന്ത്രണ നിയമത്തിലെ (FCRA) ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് സഭയ്ക്കുള്ള ആശങ്കകൾ പ്രകടിപ്പിച്ചുകൊണ്ട് ജൂൺ 28 ന് ദേശീയ തലത്തിൽ പ്രാർത്ഥനാ ദിനമായി ആചരിക്കാൻ ഇന്ത്യയിലെ കത്തോലിക്കാ സഭ ആഹ്വാനം ചെയ്തു. ചാരിറ്റബിൾ, വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങളെ ഈ നിയമം പ്രതികൂലമായി ബാധിക്കുമെന്ന് സഭാ നേതൃത്വം ചൂണ്ടിക്കാട്ടി.

- ജൂൺ മാസത്തിൽ താമരശ്ശേരി രൂപതയുടെ കുടുംബക്കൂട്ടായ്മകളുടെ 2026-27 വർഷത്തെ കർമ്മപദ്ധതി പുറത്തിറക്കി.

- താമരശ്ശേരി രൂപതയുടെ കീഴിലുള്ള 'ഐഡർ എഡ്യൂക്കെയർ' (Aider Educare) അധ്യയന വർഷത്തിന്റെ ഉദ്ഘാടനം ജൂൺ 13-ന് നടന്നു.

- ലത്തീൻ കത്തോലിക്കർ, ദളിത് ക്രിസ്ത്യാനികൾ, തീരദേശവാസികൾ, ഹൈറേഞ്ച് കർഷകർ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട ക്രിസ്ത്യൻ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ പഠിച്ച ജെ.ബി. കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുമെന്ന് കെ.ആർ.എൽ.സി.സി. പ്രതിനിധി സംഘം മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉറപ്പ് ലഭിച്ചു. മുനമ്പം ഭൂമി പ്രശ്നം പരിഹരിക്കുമെന്നും സർക്കാർ അറിയിച്ചിട്ടുണ്ട്.

# സംഘടനാവാർത്തകൾ

## എ.കെ.സി.സി.

### പരിസ്ഥിതിദിനം ആചരിച്ചു



ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് കത്തോലിക്ക കോൺഗ്രസ് തിരുവമ്പാടി യൂണിറ്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം തിരുവമ്പാടി ഗവ. ഹോമിയോ ആശുപത്രി പരിസരത്ത് മാവിൻതൈ നട്ടുകൊണ്ട് ആചരിച്ചു.

കത്തോലിക്ക കോൺഗ്രസ് തിരുവമ്പാടി ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് നാഗപറമ്പിൽ തൈ നട്ടുകൊണ്ട് പരിസ്ഥിതി ദിന സന്ദേശം നൽകി. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം തന്റെ സന്ദേശത്തിൽ ഊന്നിപ്പറഞ്ഞു.

ചടങ്ങിൽ ഡോ. സീമ കെ., വാർഡ് മെമ്പർ ശ്രീമതി മറിയാമ്മ ബാബു, കത്തോലിക്ക കോൺഗ്രസ് തിരുവമ്പാടി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. രാജൻ ചെമ്പകം, സെക്രട്ടറി ശ്രീ. തോമസ് പുത്തൻപുരയിൽ, ശ്രീ. പ്രിൻസ് തിനംപറമ്പിൽ, ശ്രീ. ജോസഫ് പുലക്കുടി, ശ്രീ. ടോമി ചക്കിട്ടമുറിയിൽ, ശ്രീ. ജോസ് കുര്യൻ കുരിശിങ്കൽ, കെ.സി. ജോസഫ്, തങ്കച്ചൻ മുട്ടത്ത് എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു.



തീർത്ഥാടകർ ഏഴിമലയിലെ
ബഹു. ജയിംസ് മൊന്തനാരിയച്ചന്റെ സ്മൃതികുടീരത്തിൽ

കത്തോലിക്കാ കോൺഗ്രസ് ഫൊറോന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വിളക്കന്നൂർ-ഏഴിമല തീർത്ഥാടനം നടത്തി. ബഹു. വികാരിയച്ചൻ, ജോർജ് ബ്രദർ, ജോസഫ് പുലക്കുടിയിൽ, പ്രിൻസ് തിനംപറമ്പിൽ, തങ്കച്ചൻ മുട്ടത്ത്, ബൈജു കുന്നുംപുറത്ത് എന്നിവർ യാത്രക്ക് നേതൃത്വം നൽകി.

## മാതൃവേദി

തിരുഹൃദയ മാസത്തിന്റെ ആത്മീയ പുണ്യവും അനുഗ്രഹവും ഉൾക്കൊണ്ട്, മാതൃവേദി അംഗങ്ങൾ വിവിധ ആത്മീയ, സാമൂഹിക, സേവന പ്രവർത്തനങ്ങളിൽ പങ്കാളികളായി. പ്രാർത്ഥനയും പരസ്പര സഹകരണവും അടിസ്ഥാനമാക്കി കുടുംബങ്ങളിലും സമൂഹത്തിലും ക്രിസ്തീയ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തുവാൻ സാധിച്ചു.

'മാതൃത്വത്തിന്റെ മഹത്വം' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. സാവിയോ അച്ചൻ അംഗങ്ങൾക്കായി ക്ലാസ്സ് നയിച്ചു.

രൂപത സംഘടിപ്പിച്ച പോസ്റ്റർ നിർമാണ പരിശീലന ക്ലാസിൽ നമ്മുടെ ഇടവകയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. കുടുംബ ജീവിതത്തിന്റെ സ്ഥിരതയ്ക്കും പുരോഗതിക്കും സാമ്പത്തിക അച്ചടക്കത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, "കുടുംബത്തിലെ സാമ്പത്തിക ക്രമീകരണത്തിൽ വീട്ടമ്മമാർക്കുള്ള പങ്ക്" എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു.

പരസ്നേഹ പ്രവർത്തനങ്ങളുടെ ഭാഗമായി, ഇടവകയിലെ നാല് കുടുംബങ്ങളിൽ സാമ്പത്തിക സഹായം എത്തിക്കാൻ സാധിച്ചു. .ഈ കാരുണ്യ പ്രവർത്തനം അംഗങ്ങളുടെ സഹകരണ മനോഭാവത്തിന്റെയും ക്രിസ്തീയ സ്നേഹത്തിന്റെയും പ്രകടനമായി നിലകൊള്ളുന്നു.

ദൈവാനുഗ്രഹത്താലും ഇടവക സമൂഹത്തിന്റെ പിന്തുണയാലും മാതൃവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കുടുംബങ്ങളുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി ഇനിയും കൂടുതൽ സേവന പ്രവർത്തനങ്ങൾ നടത്തുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. മാതാവിന്റെ മാധ്യസ്ഥവും തിരുഹൃദയത്തിന്റെ അനുഗ്രഹവും എല്ലാ കുടുംബങ്ങൾക്കും ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## കെ.സി.വൈ.എം.

വേനൽ അവധിക്കാലം പ്രയോജനപ്രദമാക്കുന്നതിനും ആത്മീയ വളർച്ചയ്ക്ക് സഹായകരമാകുന്നതിനുമായി കെ.സി.വൈ.എം യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കുട്ടികളിലും യുവജനങ്ങളിലും കൂട്ടായ്മയും മൂല്യബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടികൾ.

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി എം.വി.ആർ. ഹോസ്പിറ്റലിന്റെ സഹകരണത്തോടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

കെ.സി.വൈ.എമ്മിൽ പുതുതായി അംഗത്വം സ്വീകരിച്ചവർക്കായി ആത്മീയ വളർച്ച, വ്യക്തിത്വ വികസനം, കൂട്ടായ്മ എന്നിവ ലക്ഷ്യമാക്കി ക്ലാസുകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, സംവാദങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന പരിശീലന പരിപാടികൾ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നടക്കുന്നതായിരിക്കും.

# മിഷൻലീഗ് വാർത്തകൾ

**2026 27 വർഷത്തെ ശാഖാ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ഇവാൻ ജേക്കബ് കുറ്റിക്കാട്ട് മണ്ണിൽ |
| വൈസ് പ്രസിഡന്റ് | : | മിറാ ക്ലെയർ വാഴയിൽ, |
| സെക്രട്ടറി | : | ആൽഫിൻ പോൾ തൃക്കണശ്ശേരിൽ, |
| ജോ. സെക്രട്ടറി | : | മരിയ റോസ് സോബിൻ കുമ്പാട്ട്. |


ഇവാൻ ജേക്കബ്
കുറ്റിക്കാട്ടുമണ്ണിൽ


മിറ ക്ലെയർ
വാഴയിൽ


ആൽഫിൻ പോൾ
തൃക്കണശ്ശേരി


മരിയ റോസ്
കുമ്പാട്ട്

മേഖല പ്രസിഡണ്ടായി ഇവാൻ ജേക്കബ് കുറ്റിക്കാട്ട് മണ്ണിലും ജോ. സെക്രട്ടറിയായി മരിയ റോസ് കുമ്പാട്ടും തെരഞ്ഞെടുക്കപ്പെട്ടു.

രൂപതാ പ്രസിഡന്റ് ആയി ഇവാൻ ജേക്കബും, രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായി മരിയ റോസും തിരഞ്ഞെടുക്കപ്പെട്ടു.

2026 27 വർഷത്തെ മിഷൻലീഗ്, തിരുബാല സഖ്യ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട വികാരി അച്ചൻ ഫാ. തോമസ് നാഗപറമ്പിലിന്റെ അധ്യക്ഷതയിൽ ശാഖ ഭാരവാഹികളായ ഇവാൻ ജേക്കബ് കുറ്റിക്കാട്ടുമണ്ണിൽ, വൈസ് പ്രസിഡന്റ് മിറ ക്ലെയർ, സെക്രട്ടറി ആൽഫിൻ പോൾ, ജോ. സെക്രട്ടറി മരിയ റോസ് എന്നിവർ ചേർന്ന് തിരിതെളിച്ചു ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ചു പതാക ഉയർത്തലും, മിഷൻലീഗ് അംഗങ്ങൾ ഒന്ന് ചേർന്നുള്ള റാലിയും നടത്തി. അന്നേ ദിവസം തന്നെ, പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷത്തൈ നടലും മിഷൻലീഗ് അംഗങ്ങൾ നിർവഹിച്ചു.

# സ്കൂൾ വാർത്തകൾ

## സേക്രഡ് ഹാർട്ട് യു.പി. സ്കൂൾ

**ഉത്സവാന്തരീക്ഷത്തിൽ പ്രവേശനോത്സവം:** 2026–27 വർഷത്തെ പ്രവേശനോത്സവം തിരുവമ്പാടി എം.എൽ.എ. ശ്രീ. സി.കെ. കാസിം ഉത്സവാന്തരീക്ഷത്തിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ സുനിൽ പോൾ സ്വാഗതം ആശംസിച്ച ചടങ്ങിൽ റവ. ഫാദർ തോമസ് നാഗപറമ്പിൽ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി അജിത, വാർഡ് മെമ്പർ ശ്രീമതി മറിയാമ്മ വർക്കി,പി.ടി.എ. വൈസ് പ്രസിഡണ്ട് ശ്രീ റിയാസ് അരിമ്പ്ര, എം.പി.ടി.എ. പ്രസിഡണ്ട് ശ്രീമതി ഫൗസിയ ഷംസു, റവ.ഫാ. സാവിയോ മലമ്പേൽ, സീനിയർ അസിസ്റ്റന്റ് ഷോളി ജോൺ എന്നിവർ നവാഗതർക്ക് ആശംസകൾ നേർന്നു. വിദ്യാർഥികളായ അൽഫോൻസ സുഭാഷ്, ഇമ്മാനുവൽ സംഗീത്, ഇവാന മരിയ എന്നിവർ പരിപാടികൾ അവതരിപ്പിച്ചു. അധ്യാപകരായ അരുൺ ജോസഫ്, സിസ്റ്റർ പ്രിൻസി, അബ്ദുറബ്ബ് കെ.സി., ബീന റോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.






**പ്രീപ്രൈമറി പ്രവേശനോത്സവം:** ഉത്സവാന്തരീക്ഷമൊരുക്കി കുരുന്നുകൾക്ക് സ്വാഗതമരുളി, പ്രീ പ്രൈമറി പ്രവേശനോത്സവം

വർണവൈവിധ്യങ്ങളാൽ സമ്പന്നമായി. വാദ്യമേളങ്ങളുടെ അകമ്പടി യോടെ കളർ ബലൂണുകളുമായി നവാഗതർ രക്ഷിതാക്കൾക്കൊപ്പം റാലിയിൽ അണിനിരന്നു. തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസി ഡന്റും, പി.ടി.എ. പ്രസിഡന്റുമായ ശ്രീ. ജിതിൻ പല്ലാട്ട് യോഗത്തിന് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ സുനിൽ പോൾ സ്വാഗതം ആശംസിച്ച ചടങ്ങിൽ സ്കൂൾ മാനേജർ ഫാദർ തോമസ് നാഗപറ മ്പിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. സീനിയർ അസിസ്റ്റന്റ് ഷോളി ജോൺ ആശംസയർപ്പിച്ചു. വിദ്യാർത്ഥികളായ ഇമ്മാനുവൽ സംഗീതും, അൽഫോൻസാ സുഭാഷും ഗാനം ആലപിച്ചു. അധ്യാപക പ്രതിനിധി അബ്ദുറബ്ബ് കെ.സി ചടങ്ങിന് നന്ദിയർപ്പിച്ചു. അദ്ധ്യാപകരായ ലിന്റ ബാബു, ഡിറ്റി അഗസ്റ്റിൻ, ഡോണ, അരുൺ കെ. ജെ, സിസ്റ്റർ പ്രിൻസി തുടങ്ങിയവർ പ്രവേശനോത്സവത്തിന് നേതൃത്വം നൽകി.

**പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പരിസ്ഥിതി ദിനാ ചരണം:** ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പരിസ്ഥിതി ദിനാഘോഷം സേക്രഡ് ഹാർട്ട് യു.പി സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജിതിൻ പല്ലാട്ട് വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. ഫെഡറൽ ബാങ്ക് തിരുവമ്പാടി വിദ്യാലയത്തിന് നൽകിയ വൃക്ഷ തൈകൾ ഹെഡ് മാസ്റ്റർ സുനിൽ പോൾ ഏറ്റുവാങ്ങി. പരിസ്ഥിതി പ്രവർത്തകൻ എ.വി സുധാകരൻ നയിച്ച പരിസ്ഥിതിദിന സെമിനാറിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. തുടർന്ന് വിദ്യാർത്ഥികൾക്കായി കവിതാരചന, ക്വിസ്, കൊളാഷ്, പോസ്റ്റർ മത്സരങ്ങൾ നടത്തി. അധ്യാപകരായ അരുൺ, അബ്ദുറബ്ബ്, ഡാനി, സ്വപ്ന ജോസഫ്, ഷോളി ജോൺ, ജെസി പി.ജെ, ഡോണ എന്നിവർ നേതൃത്വം നൽകി.

**ഫിഫ വേൾഡ്കപ്പ് ഫുട്ബോൾ ആവേശതിരയിളക്കം:** സേക്രഡ് ഹാർട്ട് യു.പി. ഫുട്ബോൾ ഫാൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫിഫ വേൾഡ് കപ്പ് ഫുട്ബോൾ ആവേശത്തിനൊപ്പം സംഘടിപ്പിക്കുന്ന വിവിധ മത്സരങ്ങൾ, സീനിയർ അസിസ്റ്റന്റ് ഷോളി ജോൺ കിക്ക് ഓഫ് ചെയ്തു. മത്സര ടീമുകളുടെ വിവിധ നിറങ്ങളിലുള്ള ജഴ്സി ധരിച്ച് വിദ്യാർത്ഥികൾ വിളംബരറാലി നടത്തി. തുടർന്ന് നടത്തിയ ഫുട്ബോൾ മാച്ച് ഹെഡ്മാസ്റ്റർ സുനിൽ പോൾ ഉദ്ഘാടനം ചെ യ്തു. മിന്നും പ്രകടനം കാഴ്ച്ചവെച്ച താരങ്ങൾ കാഴ്ച്ചക്കാരെ ആവേശഭരിതരാക്കി. മത്സരത്തിലെ വിജയികളായ ടീമിന് ട്രോഫി സമ്മാനിച്ചു. അധ്യാപകരായ അയൂബ്, അബ്ദുറബ്ബ് കെ.സി, ആശ ഫ്രാൻസിസ്, ഡാനി, സ്വപ്ന ജോസഫ് എന്നിവർ നേതൃത്വം നൽകി.

തിരുവമ്പാടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സ്മൈലിങ്ങ് തിരുവമ്പാടി പദ്ധതിയുടെ ഭാഗമായി സേക്രഡ് ഹാർട്ട് യു പി സ്കൂ ളിൽ മാലിന്യ ശേഖരണ യൂണിറ്റുകൾ സ്ഥാപിച്ചു. പഞ്ചായത്ത് പ്രസി ഡന്റ് ശ്രീ. ജിതിൻ പല്ലാട്ട് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ സുനിൽ പോൾ, ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് അജിത, സ്മിത തോമസ്, ബിന്ദു മാത്യു, ഡേവിസ് മാത്യു എന്നിവർ പരിപാ ടിക്ക് നേതൃത്വം നൽകി.

# സേക്രഡ് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ

**സേക്രഡ് ഹാർട്ട് എച്ച്.എസ്. വിജയത്തിന്റെ വർണ്ണത്തിളക്കത്തിൽ:** എസ്.എസ്.എൽ.സി. പരീക്ഷയിൽ 304 കുട്ടികൾ പരീക്ഷ എഴുതിയതിൽ മുഴുവൻ കുട്ടികളും വിജയികളായി. 26 ഫുൾ എ പ്ലസ്സും പന്ത്രണ്ട് 9 എ പ്ലസ്സും നേടി സ്കൂളിന് അഭിമാനമായ വിദ്യാർഥികൾക്ക് സേക്രഡ് ഹാർട്ടിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**യു.എസ്.എസ്. വിജയം:** യു.പി വിഭാഗത്തിൽ യു.എസ്.എസ്സിന് അർഹയായ ഇസബെൽ വിൻസെന്റിന് അഭിനന്ദനങ്ങൾ.

**യാത്രാമംഗളങ്ങൾ:** കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂളിലേക്ക് ഹെഡ്മിസ്ട്രസ്സായി പ്രമോഷൻ ലഭിച്ച സിതാര വി. തോട്ടക്കാടിന് യാത്രാമംഗളങ്ങൾ.

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലേക്ക് ട്രാൻസ്ഫറായ, സംഗീത അധ്യാപിക ഡയാന ടീച്ചർക്ക് ഹൃദയം നിറഞ്ഞ യാത്രാമംഗളങ്ങൾ

**പ്രവേശനോത്സവം:** അഞ്ച്, എട്ട് ക്ലാസുകളിലെ നവാഗതർക്കായി പ്രവേശനോൽസവം നടത്തി. വർണ്ണാഭമായ പൂക്കളും ബലൂണുകളും നൽകി ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പുതിയ വിദ്യാർഥികളെ സ്വീകരിച്ചു. സ്കൂൾ പി.ടി.എ. പ്രസിഡണ്ട് സജി പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങ് മാനേജർ റവ. ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്ത് പരിപാടി കൂടുതൽ മികവുള്ളതാക്കി.

**പരിസ്ഥിതി ദിനം:** ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തിരുവമ്പാടി അലയൻസ് ക്ലബിന്റെ നേതൃത്വത്തിൽ വൃക്ഷതൈ വിതരണവും ബോധവൽക്കരണ ക്ലാസും നടത്തി. ക്ലബ്ബ് പ്രസിഡണ്ട് അഗസ്റ്റിൻ വിദ്യാർഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തിരുവമ്പാടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ വിതരണം നടത്തി. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജിതിൻ പല്ലാട്ട് ഉദ്ഘാടനം ചെയ്തു.

**നല്ല പാഠം സ്റ്റേറ്റ്തല മത്സരം:** കൊച്ചിയിൽ വച്ച് നടന്ന നല്ല പാഠം സ്റ്റേറ്റ്തല മത്സരത്തിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ച വച്ച സേക്രഡ് ഹാർട്ട് എച്ച് എസ്സിലെ വിദ്യാർഥികൾക്കും കോഡിനേറ്റർമാരായ ലിറ്റി സെബാസ്റ്റ്യൻ, ഷൈബി മാത്യു എന്നീ അധ്യാപകർക്കും, ഇവാൻ ജേക്കബ്, മിറ ക്ലെയർ മരിയറ്റ് എന്നീ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

# 2025–26 വർഷത്തെ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഇടവകാംഗങ്ങൾ

# അഭിനന്ദനങ്ങൾ!



Aleena Philip
Thottumannil



Angel Treesa Santhosh
Thrikkanasseril



Ann Isabel Joseph
Purathoottu



Neha Baiji
Tharayil



Tessa Joseph
Kallookkulangara



Liya Manuel
Tharappil

## 2025–26 വർഷത്തെ USS പരീക്ഷയിൽ വിജയം നേടിയ ഇടവകാംഗങ്ങൾ



Isabella Vincent
Vadakkoottu



Joel George
Nellariyil



Nivin Sony
Vettikkuzhayil



Sterin Rajesh
Edasseril

# 2025–26 വർഷത്തെ PLUS TWO പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഇടവകാംഗങ്ങൾ

# അഭിനന്ദനങ്ങൾ!



Albin Joshy
Parathalakkal



Fredin Johns
Akkel



Jeswin Mathew
Puthenpurackal



Rohan Sibin
vadakkekudiyil



Rohan Sunny
Kunnel



Nirmal Sony
Vettikkuzha



Sona Prince
Thinamparambil



Rose Maria Binoy
karukappallil



Seltin Rajesh
Edasseril

# വിശ്വസ്തത എന്ന പുണ്യം

ലോകം ദർശിച്ചിട്ടുള്ള കൊത്തുപണികളിൽ പ്രഥമസ്ഥാനം വഹിക്കുന്നു മൈക്കിൾ ആഞ്ചലോയുടെ 'പിയെത്താ'. കുരിശിൽ നിന്നിറക്കിയ യേശുവിന്റെ തിരുശരീരം മടിയിൽ കിടത്തിയിരിക്കുന്ന വ്യാകുലമാതാവിന്റെ രൂപമാണത്. റോമിലെ വി. പത്രോസിന്റെ ബസിലിക്കയിൽ പ്രതിഷ്ഠിതമായിരിക്കുന്ന ഈ രൂപം ലക്ഷക്കണക്കിന് സന്ദർശകരെ ആകർഷിക്കുന്നു.

മനോഹരമായ ഈ കലാസൃഷ്ടിക്ക് മൈക്കിൾ ആഞ്ചലോ കൊടുത്ത പേരാണ് പിയെത്താ എന്നത്. ആ ഇറ്റാലിയൻ വാക്കിന്റെ അന്നത്തെ അർത്ഥം വിശ്വസ്തത എന്നാണ്. പീഡകളേറ്റ് മരിച്ച യേശുവിനെ പിളർക്കപ്പെട്ട ഹൃദയത്തോടെ നോക്കിക്കൊണ്ടിരുന്ന ആ അമ്മ വിശ്വസ്തതയുടെ പ്രതീകമാണ്.

ഏറ്റെടുത്തത് വീഴ്ചകൂടാതെ നിർവഹിക്കുക എന്നതാണ് വിശ്വസ്തത. വാക്ക് പാലിക്കുന്നതാണ് വിശ്വസ്തത. പരിശുദ്ധ അമ്മ മംഗളവാർത്തയിൽ ഒരു വാക്ക് കൊടുത്തു. ഒരു കടമ ഏറ്റെടുത്ത് അവൾ പറഞ്ഞു, 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ'. വ്യവസ്ഥകളില്ലാത്ത അടിയറവെക്കലായിരുന്നു അത്. ദൈവഹിതത്തിന്റെ അന്തരാർത്ഥങ്ങൾ മനസ്സിലായാലും ഇല്ലെങ്കിലും അതിന്റെ നിർവ്വഹണം വേദനാജനകമാണെങ്കിലും അല്ലെങ്കിലും വിട്ടുവീഴ്ചയില്ലാതെ പൂർണ്ണമായി നിറവേറ്റാനുള്ള ഒരു സ്വയം സമർപ്പണമായിരുന്നു അത്. ഈ സമർപ്പണത്തിൽ പരിശുദ്ധ അമ്മ കുരിശിന്റെ ചുവടുവരെ വന്ന് വിശ്വസ്തത പാലിച്ച് യേശുവിന്റെ മൃതശരീരം മടിയിൽ കിടത്തി. അവാച്യമായ വേദന തിന്നുകൊണ്ടുപോലും തന്റെ വാക്ക് പാലിച്ചു. തന്റെ കലാ സൃഷ്ടിയായ വ്യാകുലമാതാവിന്റെ തിരുമുഖത്തേക്ക് നോക്കിയ കലാകാരൻ അവിടെ കണ്ടെത്തിയത് വേദനയുടെ പാരമ്യത്തിലും വിശ്വസ്തത പുലർത്തിയ അമ്മയെയാണ്.

നമ്മുടെ ജീവിതാവസ്ഥയിൽ നാം ഏറ്റെടുത്തിരിക്കുന്ന കാര്യങ്ങളോടും ഉത്തരവാദിത്തത്തോടും സമർപ്പണത്തോടും കുടുംബത്തോടുമുള്ള നമ്മുടെ വിശ്വസ്തത എപ്രകാരമാണ്? എന്ത് ത്യാഗം സഹിച്ചും വിശ്വസ്തരായിരിക്കാൻ നമുക്കാകുന്നുണ്ടോ? 'ചെറിയ ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും' (ലൂക്കാ 6:10).

അമ്മയുടെ മഹത്വം വിശ്വസ്തതയിലൂടെ ആയിരുന്നു. നമ്മുടേതും അങ്ങനെയാവട്ടെ. ചെറിയ കാര്യങ്ങളിലും വലിയ കാര്യങ്ങളിലും പിയെത്തായിലൂടെ.

കടപ്പാട് : മാർ ജേക്കബ് തൂങ്കുഴിപ്പിതാവിന്റെ പുസ്തകം,
**മധുരിക്കുന്ന ചിന്തകൾ**

## 2025–26 വർഷത്തെ LSS പരീക്ഷയിൽ വിജയം നേടിയ ഇടവകാംഗങ്ങൾ



Aabel Rinto Maliyekkal



John Paul Koottiyanil

# അഭിനന്ദനങ്ങൾ!

എസ്.എസ്.എൽ.സി. പരീക്ഷയിൽ 304 കുട്ടികളും വിജയിച്ച് തുടർച്ചയായ 6–ാം വർഷവും 100% കരസ്ഥമാക്കിയ **സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിന്** ഇടവകാ സമൂഹത്തിന്റെ അഭിനന്ദനങ്ങൾ. മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ 26 കുട്ടികൾക്കും 9 എ പ്ലസ് നേടിയ 12 കുട്ടികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ! ഈ മികച്ച വിജയത്തിന് പിന്നിൽ കഠിനാധ്വാനം ചെയ്ത അധ്യാപകർക്കും നേതൃത്വം നൽകിയ ഹെഡ്മാസ്റ്റർക്കും സഹകരിച്ച രക്ഷിതാക്കൾക്കും അഭിമാനനേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്കും ഹാർദ്ദമായ അഭിനന്ദനങ്ങൾ!

# അഭിനന്ദനങ്ങൾ!

എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായ 30–ാം വർഷവും മുഴുവൻ വിദ്യാർത്ഥികളും (105/105) വിജയം കരസ്ഥമാക്കിയ **ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്** ഇടവകാ സമൂഹത്തിന്റെ അഭിനന്ദനങ്ങൾ. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ 38 കുട്ടികൾക്കും 9 എ പ്ലസ് കരസ്ഥമാക്കിയ 14 കുട്ടികൾക്കും പ്രത്യേകം അഭിനന്ദനം. അഭിമാനാർഹമായ ഈ ഉന്നതവിജയത്തിന് ചുക്കാൻ പിടിക്കുന്ന സി.എം.സി. കോൺവെന്റിനേയും അധ്യാപകരേയും അഭിനന്ദനം അറിയിക്കുന്നു.

## പാവനസ്മരണയ്ക്ക്

2-ാം ചരമവാർഷികം (18.08.2026)



**ജോസഫ് കെ.എം.**

മരണം : 18.08.2024

1-ാം ചരമവാർഷികം (01.07.2026)



**സി.എസ്. മേരി**

മരണം : 01.07.2025

**പനക്കൽ കാരക്കാട്ട്**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്



5-ാം ചരമവാർഷികം

(30.07.2026)

**ജോസ് കുര്യൻ**

**പഴയവീട്ടിൽ**

മരണം: 30.07.2021

പ്രാർത്ഥനയോടെ

ഭാര്യ, മക്കൾ, ബന്ധുമിത്രാദികൾ

# പാവനസ്മരണയ്ക്ക്



4-ാം ചരമവാർഷികം
(03.08.2026)

## രാജേഷ് ജോൺ
## പാണ്ടിക്കുന്നേൽ

ജനനം: 03.04.1987
മരണം: 03.08.2022

നിത്യശാന്തിക്കായി പ്രാർത്ഥനയോടെ
പപ്പ, മമ്മി, അനു & എയ്ഡൻ
നിഖിൽ, സോണിയ, അപ്പൂസ്, ബാബുക്കുട്ടൻ,
നിർമ്മല മമ്മി & മറ്റു കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



15-ാം ചരമവാർഷികം
(19.06.2026)

## റോസമ്മ ഈപ്പൻ
## (ഒറോമ്മ)
## കുളവട്ടത്തിൽ

ജനനം : 30.04.1927
മരണം : 19.06.2011

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

## സ്വർഗ്ഗീയ സാന്നിധ്യത്തിൽ നാലാം പിറന്നാൾ

01.08.2026



## ബേബി പെരുമാലിൽ

ജനനം : 15.12.1959
മരണം : 01.08.2022

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



20–ാം ചരമവാർഷികം
(02.07.2026)

## എ.എസ്. ഫ്രാൻസിസ്
## അഴകത്ത്

ജനനം : 15.08.1925
മരണം : 02.07.2006

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



26–ാം ചരമവാർഷികം
(11.07.2026)

## അമ്മിണി ജോർജ്ജ്
## മണ്ണാനിക്കാട്ട്

ജനനം : 12.03.1935
മരണം : 11.07.2000

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ

# Loving Memories

1st death Anniversary
01-08- 2026




# SONY GEORGE
## Mannanikkattu

Born : 14.10.1969
Died : 01.08.2025

*with loving prayers, family members*

# പാവനസ്മരണയ്ക്ക്



6 –ാം ചരമവാർഷികം
(08.09.2026)

## കെ.കെ. വർക്കി
## കളമ്പുകാട്ട്

മരണം : 08.09.2020



2 –ാം ചരമവാർഷികം
(19.07.2026)

## മേരി വർക്കി
## കളമ്പുകാട്ട്

മരണം : 19.07.2024

"ഞാനാണ് പുനരുദ്ധാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

യോഹ. 11:25

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്

35-ാം ചരമവാർഷികം (31.07.2026)

2-ാം ചരമവാർഷികം (23.08.2026)





## P.M. സെബാസ്റ്റ്യൻ

മരണം : 31.07.1991

## മേരി സെബാസ്റ്റ്യൻ

(സി.എം. മേരി ടീച്ചർ)

മരണം : 23.08.2024

## പുറത്തൂട്ട്

സ്നേഹസ്മരണകളോടെ പുറത്തൂട്ട് കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

1-ാം ചരമവാർഷികം (17.07.2026)



## ജോർജ്ജ്
## ചക്കുംമൂട്ടിൽ

ജനനം : 08.01.1933
മരണം : 17.07.2025

"ഞാനാണ് പുനരുദ്ധാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

യോഹ. 11:25

പ്രാർത്ഥനയോടെ
സന്തപ്തകുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

3-ാം ചരമവാർഷികം (07.07.2026)



# മാത്യു (ബേബി)

## ചേറ്റാനിയിൽ

മരണം : 07.07.2023

സന്തപ്ത കുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്

15-ാം ചരമവാർഷികം (08.08.2026)



**ഷിബു ജോസഫ്**
**തൈപ്പറമ്പിൽ**

ജനനം : 09.01.1985
മരണം : 08.08.2011

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ

## ദൈവഭവനത്തിൽ

20-ാം ജന്മദിനം (24.07.2026)



**ത്രേസ്യാമ്മ മാത്യു**
**കുറ്റിക്കാട്ടുമണ്ണിൽ**

ജനനം : 26.01.1947
മരണം : 24.07.2007

സ്നേഹാദരങ്ങളോടെ,
കുടുംബാംഗങ്ങൾ

# നീലാകാശം

ഷൈനി ജെയ്സൺ താമരക്കാട്ട്



വിണ്ണിൻ മേലാപ്പിൻ നീല വെഞ്ചാമരം
നീല കുടക്കീഴിൽ ഭൂമിക്കൊരു-
തണൽ കൂടാരം
നീലാകാശ ചെപ്പിലൊളിക്കുമീ-
നക്ഷത്ര കുഞ്ഞുങ്ങൾ.
ആകാശ പരപ്പിൽ രൂപങ്ങൾ-
തീർക്കുമീ കാർമേഘ കൂട്ടങ്ങൾ
നീലാകാശത്തിൻ വിസ്മയങ്ങൾ
ഉള്ളിലൊതുക്കുമീ നിള തൻ ഓളങ്ങൾ.
നീലാകാശ പരവതാനിയിൽ
സഞ്ചരിച്ചാർക്കുമീ-
സ്വപ്ന മോഹങ്ങൾ തൻ സ്പന്ദനം
ആകാശ ചെരുവിൻ വർണ്ണ ചിത്ര-
താളുകൾ വരക്കുമീ-
മഴവില്ലിൻ ലാസ്യഭാവം.
നിശതൻ കൂരിരുളിൽ
വിണ്ണിൻ മേലാപ്പിൽ മിന്നുമീ-
നക്ഷത്ര ദീപങ്ങൾ.
മാനത്തിൻ അറ്റത്തായ് തെളി-
യുമീ ചന്ദ്രബിംബം
ആകാശവിസ്മയ തേരിലേറി
പ്രപഞ്ചത്തിൻ ചാരുത-
തോളിലേറ്റാം...

# സെന്റ് റോക്ക് ഗ്രാനൈറ്റ് & സ്റ്റോൺ വർക്സ്

നിങ്ങൾക്കാവശ്യമായ

**ഗ്രാനൈറ്റ് സ്ലാബുകൾ**

**കല്ലറ വർക്കുകൾ**

**ഉദ്ഘാടന ഫലകങ്ങൾ**

**നെയിംബോർഡുകൾ**

StRoch
GRANITE & STONE WORKS
Kakkundu, Thiruvambady

കക്കുണ്ട്, **തിരുവമ്പാടി**

9447 21 80 62
9446 25 62 61





# അഭിനന്ദനങ്ങൾ!

ഈ വർഷത്തെ പ്ലസ് ടൂ പരീക്ഷയിൽ 230 കുട്ടികളിൽ 201 പേരും വിജയിച്ച് 87.30% വിജയം കരസ്ഥമാക്കിയ **സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി** സ്കൂളിന് ഇടവകാ സമൂഹത്തിന്റെ അഭിനന്ദനങ്ങൾ.

പരീക്ഷയെഴുതിയ 119 ൽ 116 പേരും വിജയിച്ച സയൻസ് ഗ്രൂപ്പിലെയും 57 ൽ 42 പേരും വിജയിച്ച കൊമേഴ്സ് ഗ്രൂപ്പിലേയും 54 ൽ 43 പേരും വിജയിച്ച ഹുമാനിറ്റീസ് ഗ്രൂപ്പിലേയും മികച്ച വിജയനിലവാരത്തിന് പിന്നിൽ കഠിനാധ്വാനം ചെയ്ത അധ്യാപകരേയും നേതൃത്വം നൽകിയ പ്രിൻസിപ്പലിനേയും സഹകരിച്ച രക്ഷിതാക്കളേയും പ്രത്യേകം അഭിനന്ദിക്കുന്നു! മൂന്ന് ഗ്രൂപ്പുകളിലുമായി 36 കുട്ടികൾ ഫുൾ എ പ്ലസും 13 കുട്ടികൾ 9 എ പ്ലസും നേടിയവരാണെന്നത് വിജയത്തിന് തിളക്കം കൂട്ടുന്നു. തുടർവർഷങ്ങളിൽ കൂടുതൽ മികവ് കരസ്ഥമാക്കാൻ സ്കൂളിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

# പാഥേയം

കെ.ടി. ത്രേസ്യ ചേബ്ലാനിയിൽ



ഏകാന്തതയുടെ തടവറയിൽ നഷ്ട സ്വപ്നങ്ങളുടെ ശവക്കൂനയിൽ അവളിരുന്നു അലീന. മാനസികവും ശാരീരികവുമായ പീഡകളേറ്റുവാങ്ങിക്കൊണ്ട്. മുഖത്തെ കണ്ണീർ ചാലുകൾ ഇപ്പോഴും ഉണങ്ങിയിട്ടില്ല. ഓർമ്മകളുടെ തിരമാലകളിൽ ഓരോ നിമിഷവും അവൾ വെന്തുരുകി.

സ്വന്തം മാതാപിതാക്കളെ ധിക്കരിച്ചു കൊണ്ട് അന്യമതസ്ഥനായ ഒരു യുവാവിന്റെ കൂടെ ഇറങ്ങിപ്പുറപ്പെട്ടതിന്റെ ഫലം. അച്ഛനേയും അമ്മയേയും പറഞ്ഞുമനസ്സിലാക്കി, തന്നെ വിവാഹം കഴിക്കാമെന്നു പറഞ്ഞ് സ്വന്തം വീടിനടുത്തുള്ള വാടക വീട്ടിൽ തന്നെ പാർപ്പിച്ചതാണ്. ഈ മുറിയുടെ വാതിലുകളും ജനലുകളും അന്ന് അടഞ്ഞതാണ്. എന്തെങ്കിലും ഭക്ഷണം എത്തിച്ചുതരും.

ശശീന്ദ്രൻ ആട്ടിൻ തോലിട്ട ചെന്നായ. അവനെപ്പറ്റിയുള്ള ചിന്തകൾ പോലും ഭീതി പടർത്തുന്നു. താൻ വന്നതിന്റെ പിറ്റേ രാത്രിയിൽ അച്ഛനും ശശിയുമായുള്ള സംസാരം വ്യക്തമായി കേട്ടതാണ്.

”നിനക്ക് വിവാഹം ചെയ്യാൻ ഒരു ക്രിസ്ത്യൻ പെണ്ണിനേയെ കണ്ടുള്ളു?” അച്ഛൻ അലറി.

“പത്താംക്ലാസ്സിൽ തോറ്റ് ഒരു പണിയുമില്ലാതെ നടക്കുന്ന നീ എങ്ങനെ ജീവിക്കും? ഞാനീ ചതിക്കു കൂട്ടുനിൽക്കില്ല.”

“കുറച്ചു കഴിഞ്ഞ് ഞാനവളെ ഒഴിവാക്കും” മകൻ

അച്ഛൻ മകന്റെ കരണത്തടിച്ചു.

“ഒഴിവാക്കാനോ.... ഇതു തമാശക്കളിയാണോ?”

“മനുഷ്യസ്നേഹമുള്ള സോമന്റെ മകന് ഇത് ചേർന്നതല്ല.”

“എന്റെ കാര്യം ഞാൻ തീരുമാനിക്കും.”

“നീയെന്നാണിത്രമാത്രം വളർന്നത്?”

“അതൊക്കെ പിന്നെപ്പറയാം എനിക്കു കുറച്ചു പണം വേണം”

“ഒരു ചില്ലിക്കാശുപോലും ഞാൻ തരില്ല. ഗൾഫിലെ മണലാരണ്യത്തിൽ കിടന്ന് പൊരിവെയിലേറ്റ് ഉണ്ടാക്കിയതാണ് ഈ വീടും പറമ്പും പണവും. ഇത് ധൂർത്തടിക്കാനുള്ളതല്ല.”

ശശിക്ക് പിന്നെയൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അവൻ അലീനയെ പലർക്കായി വിറ്റു പണം നേടി. മദ്യവും മയക്കുമരുന്നും പീഡനവും ആ വീട്ടിൽ അരങ്ങു തകർത്തു. അലീന യുടെ സ്പനങ്ങളുടെ ചില്ലുമേട തകർന്നടിഞ്ഞു.

ദിവസങ്ങൾ കൊഴിഞ്ഞുവീണു. അന്ന് പാതിരാവായിട്ടും ശശി വന്നില്ല. തന്റെ ഫോണും അവൻ നശിപ്പിച്ചു. തന്റെ അപ്പച്ചനും അമ്മയും എന്തു ചെയ്യുന്നോ ആവോ? തന്നെ വിശ്വസിക്കുകയും സ്നേ ഹിക്കുകയും ചെയ്ത മഹാത്മാക്കൾ. അവർ എത്രമാത്രം നാണം കെട്ടുകാണും വേദനിച്ചുകാണും. പള്ളിയും പ്രാർത്ഥനയും വേദപാഠവും മിഷൻലീഗുമൊക്കെയായി നടന്ന തന്നെ അവിശ്വസിക്കേണ്ട ഒരു കാ ര്യവുമില്ലായിരുന്നു. അവർക്ക് തന്നോട് എന്തു സ്നേഹമായിരുന്നു, സന്തോഷമായിരുന്നു. വേണ്ടതെല്ലാം തന്നല്ലെ തന്നെ വളർത്തിയത്? എന്നിട്ടും എന്തേ ഇങ്ങനെ സംഭവിച്ചു? ഏതു ദുർബല നിമിഷത്തിലാ ണ് ഇറങ്ങിപ്പോരാൻ തോന്നിയത്? അവരുടെ കാൽക്കൽ വീഴാനുള്ള യോഗ്യതപോലും തനിക്കില്ല. എന്തുമാത്രം സഹിച്ചു. ഇനി ഏതു നരകത്തിലേക്കാണോ ആവോ പോക്ക്?

ദൈവമേ എന്നെ രക്ഷപെടുത്തണേ. “ഞാൻ നിനക്കു മുമ്പേ പോയി മലകൾ നിരപ്പാക്കുകയും പിച്ചള വാതിലുകൾ തകർക്കുകയും ഇരുമ്പോടാമ്പലുകൾ ഒടിക്കുകയും ചെയ്യും” അലീന പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പാപിനിയായ സ്ത്രീക്കു മാപ്പുകൊടുത്ത ദൈവമേ... ക്ഷമിക്കണേ.... രക്ഷിക്കണേ.

ഒരുവിധത്തിൽ കട്ടിലിൽ നിന്നെഴുന്നേറ്റ് വാഷ് ബേസിനിൽ മുഖം കഴുകി. അടഞ്ഞുകിടന്ന ജനൽ മെല്ലെ തുറന്നു. ശുദ്ധവായു മുറിയിലേക്കൊഴുകി. എന്തൊരു സുഖം. നിലാവിൽ പ്രകൃതിയിലേക്കു നോക്കിനിന്നു. അപ്പച്ചനോ അമ്മയോ ഒന്നു വന്നെങ്കിൽ!

അറിയാതെ വാതിലിനടുത്തേക്കു നീങ്ങി. പിച്ചളപ്പിടി പിടിച്ചു തിരിച്ചു വാതിൽ തുറന്നു. ഹയ്യോ! ശശി വാതിലടയ്ക്കാൻ മറന്നി രിക്കുന്നു. തനിക്കു വേണമെങ്കിൽ രക്ഷപെടാം. പക്ഷേ രാത്രിയിൽ എങ്ങനെ പോകും? ചുറ്റുപാടും നോക്കി. കുറച്ചകലെ ശശിയുടെ തറവാട്ടിൽ വെളിച്ചമുണ്ട്. ശശിയെങ്ങാനും കണ്ടാൽ... ഓ... അവളെ കി ലുകിലെ വിറച്ചു. ശശിയുടെ അച്ഛനോടു പറഞ്ഞാൽ രക്ഷ കിട്ടുമോ? അമ്മേ... മാതാവേ... എന്നോടൊപ്പം നിൽക്കണേ... രക്ഷിക്കണേ...

നിരന്നുകിടന്ന തുണികൾ ബാഗിലേക്കു വാരിയിട്ടു, ബാഗെ ടുത്തു ശബ്ദമുണ്ടാക്കാതെ ഇറങ്ങി, ശശിയുടെ തറവാട്ടിലേക്കു നടന്നു. നിലാവിനു വെളിച്ചമില്ല. മാനത്തുമേഘങ്ങളുണ്ട്. ദൈവം നമ്മുടെ കൂടെയുണ്ടെങ്കിൽ ആരു നമുക്കെതിരുനിൽക്കും?

സമയം രാത്രി 11 മണി. ശശിയുടെ അച്ഛൻ സിറ്റൗട്ടിലെ ചാരുക സേരയിൽ കിടന്നുറങ്ങുന്നു. അവൾ മെല്ല സിറ്റൗട്ടിൽ കയറി. ബാഗ് നിലത്തുവെച്ചു. കാൽച്ചുവട്ടിൽ ഇരുന്നു കരഞ്ഞു. തീക്കട്ടയുടെ

ചൂടുള്ള കണ്ണീർ അച്ഛന്റെ കാലിൽ വീണു. സോമൻ ഞെട്ടിയുണർന്നു.

"നീയാര്... ഈ രാത്രിയിൽ... എന്തിനിവിടെ വന്നു?"

അവൾ കൈകൂപ്പി വിറയലോടെ പറഞ്ഞു "ഞാൻ ശശിയുടെ കൂടെ..."

"മതി. കൂടുതലൊന്നും പറയണ്ട. ഈ രാത്രിക്ക് ഇവിടെ എന്തിനു വന്നു? ഇറങ്ങിപ്പോടീ..."

"എന്നോട് ക്ഷമിക്കണം.... എന്നെ രക്ഷിക്കണം"

"ആഹാ... ഇതുനല്ല തമാശ ഞാനെങ്ങനെ രക്ഷിക്കണം? എന്തിനു രക്ഷിക്കണം? വളർത്തി വലുതാക്കിയ മാതാപിതാക്കളെ ധിക്കരിച്ച നിന്നെ ഞാനെന്തിനു രക്ഷിക്കണം? ഇറങ്ങിപ്പോ.... എന്റെ മകനെവിടെ?"

"ഉച്ചയ്ക്ക് എവിടെയോ പോയതാണ്. വന്നില്ല. ഞാൻ തിരിച്ചു പോകാൻ തയ്യാറാണ്. അങ്ങ് ഒരു നല്ല മനുഷ്യനാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നെ എന്റെ വീട്ടിൽ കൊണ്ടുവിടാമോ? എന്നെ രക്ഷിക്ക്. ഭാവിയിൽ ശശിക്ക് യാതൊരു ഉപദ്രവും ഞാൻമൂലം ഉണ്ടാകില്ല." അവളുടെ കണ്ണുകളിൽ നിന്നും കണ്ണീർചാലുകളൊഴുകി.

ഈ രാത്രിക്ക് നിന്നെ വീട്ടിൽ കൊണ്ടുവിടാനൊ? നല്ല കഥ... തോന്ന്യാസം കാട്ടീട്ട്... ഹും... നീ എന്റെ മകന്റെ കൂടെ ജീവിച്ചോടീ...

"ശശിക്ക് മദ്യോം, കഞ്ചാവും കൂട്ടുകാരും...." അവൾ നിർത്തി.

"നിന്റെ പേരെന്താ?"

"അലീന"

"നാടേതാ"

"ഒലിയപ്പുറം"

"ഒലിയപ്പുറമോ... എനിക്കു പരിചയമുള്ള നാടാണല്ലോ. ഞാൻ 9-ാം ക്ലാസ്സിൽ പഠിച്ചതവിടെയാണല്ലോ. സെന്റ് മേരീസ് സ്കൂളിൽ."

"ഞാനും അവിടെയാണ് പഠിച്ചത്."

"വീട്ടുപേര്?"

"കൊച്ചുപാടത്ത്"

"കൊച്ചുപാടത്ത്.... കൊച്ചുപാടത്ത് ബേബിയെ അറിയുമോ?"

"എന്റെ അപ്പച്ചനാണ്"

സോമൻ കസേരയിലേക്ക് തളർന്നിരുന്നു. ഒന്നും മിണ്ടാനാകാതെ

അഞ്ചാറു നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങി

“ഈശ്വരാ... ചതിച്ചു. പരമദാരിദ്ര്യത്തിലായിരുന്ന എനിക്ക് ആ വർഷം മുഴുവൻ ബേബി ഓരോ പൊതിച്ചോറ് കൊണ്ടുവന്നു തരുമായിരുന്നു. ആ നല്ല മനുഷ്യന്റെ മകളാണോ നീ മാതാപിതാക്കളെ വഞ്ചിച്ചവൾ! ഈ നീച ചിന്ത നിനക്കെങ്ങനെയുണ്ടായി?”

അമ്മ എഴുന്നേറ്റുവന്നു. ”ഇതാര്.... ചേട്ടാ?”

“ശശി കൊണ്ടുവന്ന പെണ്ണ്. ഇവളെ രക്ഷിക്കണം പോലും. ഞാൻ പറഞ്ഞിട്ടില്ലേ ഒൻപതാം ക്ലാസിൽ വെച്ച് ഒരു കൊല്ലം മുഴുവൻ എനിക്കു ചോറുതന്ന ബേബിയെപ്പറ്റി. അയാളുടെ മകളാണിത്.”

സോമന്റെ മനസ്സിൽ ഒരു കടലിരമ്പി. കാൽക്കീഴിൽ ഭൂമി തകരുന്നപോലെ. ആകാശഗോളങ്ങൾ നിലം പതിക്കുന്നതുപോലെ. തന്റെ കൂട്ടുകാരന്റെ മകളാണ് നിന്നു കണ്ണീരൊഴുക്കുന്നത്? രക്ഷപെടാൻ പഴുതന്വേഷിക്കുന്നത്. ആലോചിച്ചു നിൽക്കാൻ സമയമില്ല.”വന്നു കാറിൽ കയറ്” ഒരു വർഷം ബേബി തന്ന വെളിച്ചം എന്റെ ഹൃദയത്തിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നുണ്ട് സ്നേഹവും ത്യാഗവും കരുണയും അവനിൽ നിന്നാണ് ഞാൻ പഠിച്ചത്. മകളായ നിനക്കതില്ലാതെ പോയി.

അലീനയുടെ ഹൃദയത്തിലെ കൊടുങ്കാറ്റു ശാന്തമായി.

കാറു നീങ്ങി. അലീന പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഞാൻ നിനക്കു മുമ്പെ പോയി മലകൾ... നിരന്തരമായി കൊന്ത ചൊല്ലിക്കൊണ്ടിരുന്നു.

നിലാവ് മങ്ങുകയും തെളിയുകയും ചെയ്തു. 3 മണിക്കൂർ കൊണ്ട് ഒലിയപ്പുറത്തെ വീടിനു മുമ്പിലെത്തി. ഗേറ്റു തുറന്നിട്ടിരുന്നു. താനെപ്പോൾ വന്നാലും കേറുന്നതിനാണോ ഗേറ്റു തുറന്നിട്ടിരിക്കുന്നത്? ഈ പാപിയെ സ്വീകരിക്കണേ ദൈവമേ.... അലീനയുടെ ഹൃദയം പടപട മിടിച്ചു.

കാറ് റോഡിൽ നിർത്തി ഹോണടിച്ചു.

വീട്ടിലെ ലൈറ്റുകൾ തെളിഞ്ഞു. അലീനയുടെ അപ്പച്ചനുമമ്മയും വാതിൽ തുറന്ന് ഇറങ്ങി വന്നു. ‘എന്റെ അപ്പച്ചൻ...’ അലീന മന്ത്രിച്ചു.

“ഇറങ്ങിക്കോ”

അലീന ബാഗുമായി മുറ്റത്തേക്കു നടന്നു.

തന്റെ സ്നേഹിതൻ ബേബിയെ സോമൻ കാറിലിരുന്നു കണ്ടു. വേദനയുടെ നിസ്സഹായതയുടെ രണ്ട് ആൾരൂപങ്ങൾ. സോമന്റെ കണ്ണിൽ നിന്നു രണ്ടു തുള്ളി കണ്ണീർ താഴേക്കുരുണ്ടുവീണു, ഒരു ദീർഘ നിശ്വാസത്തോടെ സോമൻ കാറുതിരിച്ചു, സ്വന്തം വീട്ടിലേക്ക് യാത്രയായി.

# ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ - 53



## കെ.എം. വർക്കി കൊട്ടാരത്തിൽ

രണ്ടാം ലോകമഹായുദ്ധകാലത്ത് തിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിൽ നിന്ന് കന്നിമണ്ണുതേടി മലബാറിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറ്റക്കാരുടെ ഒരു മഹാപ്രവാഹം തന്നെയായിരുന്നു സംഭവിച്ചത്. തിരുവമ്പാടി, കോടഞ്ചേരി, തരിയോട്, കുറ്റ്യാടി, പേരാവൂർ, ഇരിട്ടി, ആലക്കോട്, നടവയൽ തുടങ്ങിയ മേഖലകളിലേക്കാണ് കൂടുതലും ക്രൈസ്തവരായ കുടിയേറ്റക്കാർ എത്തിച്ചേർന്നത്. കുറഞ്ഞവിലയ്ക്ക് ഫലപുഷ്ടിയുള്ള ഭൂമി ധാരാളം കിട്ടുമെന്നതായിരുന്നു. പ്രധാന ആകർഷണം. യാതൊരു ജീവിതസൗകര്യങ്ങളും ഇല്ലാതിരുന്ന അക്കാലത്ത് കുടിയേറ്റ ജനതയ്ക്ക് ആത്മധൈര്യവും ആത്മീയ നേതൃത്വവും നൽകിയത് ത്യാഗമതികളായ വൈദിക ശ്രേഷ്ഠരാണെന്നുള്ളത് ചരിത്രവസ്തുതയാണ്. 1942-44 കാലത്താണ് തിരുവമ്പാടിയിൽ ആദ്യകുടിയേറ്റം നടന്നത്. ഇരുവഞ്ഞിപ്പുഴയുടെ കിഴക്കും പടിഞ്ഞാറുമായി ഏകദേശം 40 കുടുംബങ്ങളായിരുന്നു ആദ്യ കുടിയേറ്റക്കാർ.

മീനച്ചിൽ താലൂക്കിലെ കുറിച്ചിത്താനത്ത് താമസിച്ചിരുന്ന എന്റെ വല്ല്യപ്പൻ കൊട്ടാരത്തിൽ കുര്യനും മക്കളും 1944 ൽ ആണ് തിരുവമ്പാടിയിൽ എത്തിയത്. (നെച്ചിമ്യാലിൽ മാത്തന്റെ രണ്ടാമത്തെ മകനായ കുര്യൻ വിവാഹത്തിനുശേഷം തറവാടിന്റെ അടുത്തുതന്നെയുള്ള കൊട്ടാരത്തിൽ പറമ്പിലേക്ക് താമസം മാറുകയും 'കൊട്ടാരത്തിൽ കുര്യൻ' ആയി അറിയപ്പെടുകയും ചെയ്തു. പിന്നീട് വീട്ടുപേരും ഇതുതന്നെയായി എന്നത് പുരാവൃത്തം. കുര്യന്റെ 9 മക്കളിൽ മൂത്തയാളായിരുന്നു ഞങ്ങളുടെ ചാച്ചൻ മത്തായി. ചാച്ചന്റെ ഇളയവരായിരുന്നു കുഞ്ഞേപ്പ്, മറിയം (ചമ്പക്കുളത്ത് പത്രോസിന്റെ ഭാര്യ), ഫ്രഞ്ചി, അന്നമ്മ, ദേവസ്യ, എലിക്കുട്ടി, വർക്കി, കുര്യാക്കോസ് എന്നിവർ). ഇരുവഞ്ഞിപ്പുഴയുടെ കിഴക്കേ ഓരം ചേർന്ന് ചേപ്പിലംകോട് കടവുമുതൽ 50 ഏക്കർ സ്ഥലം ചൊവ്വാറ്റുകുന്നേൽ ലൂക്കായോട് വാങ്ങി. താഴ്ന്ന ഭാഗങ്ങൾ വെട്ടിയൊരുക്കി വയൽ ആക്കിയെടുത്ത് നെൽകൃഷിയും കരഭൂമിയിൽ കുരുമുളകും തെങ്ങും കമുകും കൃഷി ചെയ്തു.

ആ വർഷം തന്നെ കുടിയേറ്റക്കാർ മുണ്ടമലക്കുന്നിൽ ഒരു കൊച്ചു ദേവാലയം ഉണ്ടാക്കി. 1944 സെപ്റ്റംബർ 8 ന് ബഹു. മൊന്തനാരിയച്ചൻ ആ ദേവാലയം വെഞ്ചരിച്ച് ആദ്യത്തെ ബലിയർപ്പിച്ചു. പുല്ലു മേഞ്ഞ ആ പള്ളിക്കകത്തുതന്നെ ഒരു പാഠശാലയും ആരംഭിച്ചു. ചാച്ചന്റെ അനുജൻ കുഞ്ഞേപ്പ് (ജോസഫ്) അധ്യാപകരിൽ ഒരാളായി.

വല്യപ്പൻ, മക്കൾ എല്ലാവരേയും നന്നായി കൃഷി ചെയ്യാൻ പഠിപ്പിച്ചു. ചാച്ചൻ മുതൽ എല്ലാവരും കാള പൂട്ടാനും നെൽകൃഷി ചെയ്യാനും ഒക്കെ മുൻനിരയിൽ ആയിരുന്നു. ഞങ്ങളുടെ വീട് തോണിക്കടവിന് അടുത്തായതിനാൽ തോണിയിൽ കൊണ്ടുവരുന്ന ഓടും ഇഷ്ടികയുമൊക്കെ സ്കൂളിലേക്കും പള്ളിയിലേക്കും നേർച്ചയായി ചുമക്കാൻ ഞങ്ങളുടെ കുടുംബാംഗങ്ങൾ മുൻനിരയിൽ ഉണ്ടായിരുന്നു. ദേവസ്യാ പാപ്പന് ഒരു കാളവണ്ടി ഉണ്ടായിരുന്നതിനാൽ ചരക്കു നീക്കത്തിൽ അദ്ദേഹം പ്രധാനപങ്കുവഹിച്ചിരുന്നു. (വല്ല്യപ്പൻ കുര്യൻ 1960 ലും വല്ല്യമ്മച്ചി ഏലി 1963 ലും നിര്യാതരായി.) കൃഷിത്തിരക്കിനിടയിലും പള്ളിക്കാര്യങ്ങളിൽ കമ്മറ്റിക്കാരനായും കൈക്കാരനായും ഒക്കെ മൂത്തമകനായ മത്തായിയും അനിയന്മാരും എപ്പോഴും മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു.

കൊട്ടാരത്തിൽ മത്തായി – മുളഞ്ഞിത്തറപ്പേൽ കുടുംബാംഗമായ കുഞ്ഞേലി ദമ്പതികളുടെ അഞ്ചാമത്തെ മകനായി 1943 ഫെബ്രുവരി 20 ന് കുറിച്ചിത്താനത്താണ് ഞാൻ ജനിച്ചത്. (കഴിഞ്ഞ വർഷം നിര്യാതയായ അഴകത്ത് ഏലിയാമ്മ, (പരേതനായ ജേക്കബ് തോമസിന്റെ ഭാര്യ) എന്റെ ഇരട്ട സഹോദരിയായിരുന്നു.) കുറിച്ചിത്താനം സെന്റ് തോമസ് ദേവാലയത്തിലായിരുന്നു ഞങ്ങളുടെ മാമ്മോദീസ. ഞങ്ങൾക്ക് ഒരു വയസ്സുള്ളപ്പോഴാണ് മലബാറിലേക്കുള്ള യാത്ര. തിരുവമ്പാടിയിൽ വന്നുകഴിഞ്ഞ് 5 സഹോദരങ്ങൾകൂടി ജനിച്ചു. ആകെ 11 മക്കളായി. മക്കൾ എല്ലാവർക്കും കൃഷി കാര്യങ്ങളിൽ നല്ല പരിശീലനം നൽകുന്നതോടൊപ്പം നല്ല വിദ്യാഭ്യാസവും നൽകാൻ ചാച്ചൻ ശ്രദ്ധിച്ചു.

തിരുവമ്പാടി യു.പി. സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. കാർത്യായനിയമ്മ ടീച്ചർ, എ.സി. പോൾ സാർ, ചാക്കൊ സാർ, പുറത്തൂട്ട് സാർ, മടിക്കാങ്കൽ കുട്ടിസാർ, ഏലിക്കുട്ടി ടീച്ചർ, സാറാമ്മ ടീച്ചർ എന്നിവരൊക്കെയായിരുന്നു അധ്യാപകർ. 8–ാം ക്ലാസ്സ് വരെയായിരുന്നു ഇവിടെ. തുടർന്ന് മൂന്നു വർഷം ഹൈസ്കൂളിൽ. എം.ടി. തോമസ് സാർ ആയിരുന്നു ഹെഡ്മാസ്റ്റർ. ഗുരുജനങ്ങളായിരുന്ന ഫിലോമിന ടീച്ചർ, എ.വി. തോമസ് സാർ, ആൻഡ്രൂസ് സാർ, തിരുമേനി സാർ, ഗ്രെയ്സമ്മ സിസ്റ്റർ, സെറാഫ്യാമ്മ സിസ്റ്റർ, അലക്സ് സാർ, മണ്ണൂർ ജോസഫ് സാർ, ത്രേസ്യാമ്മ ടീച്ചർ, ആനി ടീച്ചർ തുടങ്ങിയ അധ്യാപകരെയൊക്കെ സ്നേഹത്തോടെ സ്മരിക്കുന്നു. അഴകത്ത് ജോസ് സക്കറിയാസ്, അബ്രാഹം മാനുവൽ, കൂവപ്പാറ ജോൺ, എൻ.കെ.ആർ. മോഹനൻ, മേരി ടി.ജെ. (സി. അഡ്രിയ) തറമുട്ടത്ത് എന്നിവരൊക്കെ സഹപാ

റികളായിരുന്നു. എവരിസ്റ്റസ് പാംപ്ലാനിയച്ചൻ ആയിരുന്നു സ്കൂൾ മാനേജർ. 1962 ൽ തിരുവമ്പാടി ഹൈസ്കൂളിലെ അഞ്ചാമത്തെ ബാച്ചായി എസ്.എസ്.എൽ.സി. പാസ്സായി. തുടർപഠനത്തിനായി കോഴിക്കോട് ദേവഗിരി കോളേജിൽ ചേർന്നു. ഒരു വർഷമായിരുന്നു പി.യു.സി. പഠനം. കോളേജിന്റെ അത്‌ലറ്റിക് മീറ്റിൽ ഞാനും ഉണ്ടായിരുന്നു. 1963 ൽ തിരുവനന്തപുരത്ത് നടന്ന യൂണിവേഴ്സിറ്റി കായികമേളയിൽ കോളേജിനെ പ്രതിനിധീകരിച്ച് റിലേ ടീമംഗമായി പങ്കെടുത്തു. റിലേയിൽ വിജയിച്ചില്ലെങ്കിലും ആ വകയിൽ തിരുവനന്തപുരം ചുറ്റിക്കാണാനും കന്യാകുമാരിയിൽ പോകാനും സാധിച്ചത് വലിയ കാര്യം തന്നെയായിരുന്നു.

1958 ൽ ജോസ് ചേട്ടൻ തിരുവമ്പാടിയിൽ ഒരു തുണിക്കട ആരംഭിച്ചു. വെള്ളാരംകുന്നേൽക്കാരുടെ കെട്ടിടത്തിൽ, താണ്ടാംപറമ്പിൽ ചേട്ടൻ നടത്തിയിരുന്ന ജൗളിക്കട ചേട്ടൻ ഏറ്റെടുക്കുകയായിരുന്നു.

മത്തായിക്കുഞ്ഞേട്ടനും കടയിൽ സഹായിച്ചു. മീമ്പള്ളിൽ കുഞ്ഞൂട്ടിച്ചേട്ടനും കരിമ്പീച്ചിയിൽ ആസപ്പൻ ചേട്ടനും കടയുടെ ഇരുവശത്തുമായി തയ്യൽക്കാരുമായിരുന്നു. ജോസ് ചേട്ടൻ കട നടത്തുന്നതോടൊപ്പം അത്യാവശ്യം രാഷ്ട്രീയ പ്രവർത്തനവും ഉണ്ടായിരുന്നു. എന്നാൽ എനിക്ക് കൃഷി ആയിരുന്നു കൂടുതൽ ഇഷ്ടം.

കോളേജ് പഠനം കഴിഞ്ഞ് കുഞ്ഞേട്ടന്റെ (ദേവസ്യ കൊട്ടാരം) താൽപര്യപ്രകാരം മധ്യപ്രദേശിൽ ഒരു കാസ്റ്റിക് സോഡ പ്ലാന്റിൽ ജോലിക്കു കയറി. മധ്യപ്രദേശിൽ 'അമലായി' എന്ന സ്ഥലത്തായിരുന്നു അക്കാലത്ത് കുഞ്ഞേട്ടൻ എഞ്ചിനീയറായി ജോലി ചെയ്തിരുന്നത്. 1965 ൽ കൂമ്പാറയ്ക്കടുത്ത് ആനയോട്, 25 ഏക്കർ സ്ഥലം ചാച്ചൻ വാങ്ങി. തെങ്ങ്, കമുക്, റബ്ബർ, കുരുമുളക് എന്നിവയൊക്കെ കൃഷി ആരംഭിച്ചു. കൃഷിയോട് പണ്ടേ ആഭിമുഖ്യമുള്ള എനിക്ക് ഇതറിഞ്ഞപ്പോൾ വലിയ ആവേശമായി. ജോലി ഉപേക്ഷിച്ച് ഞാൻ നാട്ടിലെത്തി, നേരെ ആനയോടിനു വിട്ടു. പിന്നെ കുറെ വർഷങ്ങൾ അവിടെത്തന്നെ. എന്തു നട്ടാലും നല്ല വിളവുതരുന്ന പറമ്പായിരുന്നു അത്.

1969 ൽ ആയിരുന്നു വിവാഹം. തലയാട് മുണ്ടന്താനത്ത് വർഗ്ഗീസ് - ഏലിക്കുട്ടി മകൾ ഗ്രേസിയാണ് എന്റെ ഭാര്യ. ഞങ്ങൾ എല്ലാവരും വിവാഹം കഴിഞ്ഞെങ്കിലും ഒരു കൂട്ടുകുടുംബമായി തറവാട്ടിൽത്തന്നെയായിരുന്നു താമസം. എല്ലാ മരുമക്കളും ചേടത്തി അനിയത്തിമാരായി ഒരുമിച്ചു കഴിഞ്ഞു. (1983 ൽ ജോസ് ചേട്ടൻ ഒറ്റപ്പൊയിലിലേക്കും 1968 ൽ തോമസ് ചേട്ടൻ കൽപ്പിനിയിലേക്കും താമസം മാറി. 1983 ൽ ഞാൻ മറിയപ്പുറത്തേക്കും മാറി.)

കച്ചവടത്തിലേക്കും ശ്രദ്ധ കൊടുത്തെങ്കിലും എനിക്കു കൃഷിയോടുള്ള താൽപര്യത്തിന് മറ്റൊന്നും പകരമാകില്ല. പൂന്തോട്ട നിർമ്മാണമായിരുന്നു ഞങ്ങളുടെ ഏറ്റവും വലിയ ഹോബി. കൊഴുവനാലച്ചന്റെ കാലത്ത് ഇടവകയിലെ ഏറ്റവും നല്ല ഗാർഹിക

പൂന്തോട്ടത്തിനുള്ള സമ്മാനം കിട്ടിയിട്ടുണ്ട്. ഇപ്പോഴും പലതരം ചെടികൾ ഞാൻ നട്ടുവളർത്തുന്നുണ്ട്. ക്രമേണ, രണ്ടാം തലമുറക്കാരെ കച്ചവട കാര്യങ്ങൾ ഏൽപിച്ച് ഞാൻ കുറച്ച് സ്വാതന്ത്ര്യം നേടി. യാത്രകൾ എനിക്ക് വളരെ ഇഷ്ടമായിരുന്നു. കടയുമായി നിന്നാൽ അതിനൊന്നും കഴിയുകയില്ല.

യാത്രകളെക്കുറിച്ചു പറയുമ്പോൾ എന്റെ മനസ്സിൽ ഓടി യെത്തുന്നത് വീട്ടിൽ പറയാതെ നടത്തിയ ആദ്യത്തെ ഡൽഹി യാത്രയാണ്. 1972 ൽ കുഞ്ഞേട്ടൻ ആഫ്രിക്കൻ രാജ്യമായ കെനി യായിലേക്ക് പോയി. പെണ്ണമ്മ ചേച്ചിക്ക് പോകാനുള്ള ടിക്കറ്റ് കിട്ടിയില്ല. വിമാനയാത്രയ്ക്ക് ഒരാഴ്ചത്തെ താമസമുണ്ട്. ചേച്ചിയെ വിമാനം കയറ്റിവിടാൻ ഞാൻ മധ്യപ്രദേശിൽ എത്തി. അക്കാലത്ത് ഡൽഹിയിൽ അതിപ്രശസ്തമായ ലോകവ്യാപാരമേള 'ഏഷ്യാ 72 എക്സ്പോ' നടക്കുന്ന വിവരം എനിക്കറിയാമായിരുന്നു. അത്യാവശ്യം വണ്ടിക്കൂലിക്കുള്ള പൈസയും എന്റെ കൈവശമുണ്ട്.

ഒരു വർഷത്തെ 'അമലായി' താമസം വഴി കുറച്ചൊക്കെ ഹിന്ദി അറിയാമെന്ന ധൈര്യവുമുണ്ട്. ചേച്ചി അനുവാദവും തന്നു. അക്കാലത്ത് ഫോൺ സംവിധാനമൊന്നുമില്ലാത്തതിനാൽ ഗ്രേസി യോടൊ ചാച്ചനോടൊ ഒന്നും പറയാനും കഴിഞ്ഞില്ല. അത്യാവശ്യം ഡ്രസ്സുകളുമായി നേരെ തീവണ്ടി കയറി. ഡൽഹിക്ക് യാത്ര തിരിച്ചു. ട്രെയിനിൽ ഒരു മലയാളിയെ കൂട്ടിനുകിട്ടി. തളിപ്പറമ്പുകാരനാണ്. കുരുമുളക് വിൽക്കാൻ ഡൽഹിക്കു പോകുന്നു. അദ്ദേഹം പറഞ്ഞ പ്പോഴാണ് ആഗ്ര വഴിയാണ് ട്രെയിൻ പോകുന്നതെന്നു മനസ്സിലാ ക്കിയത്. ഞങ്ങൾ പ്ലാൻ ചെയ്ത് ആഗ്രയിൽ ഇറങ്ങി. ഒരു ചെറിയ ലോഡ്ജിൽ റൂമെടുത്തു. ഒരു കുതിരവണ്ടിയിൽ ഞങ്ങൾ താജ്മഹൽ കാണാൻ പോയി. പിറ്റേദിവസം വീണ്ടും ഡൽഹിക്ക് ട്രെയിൻ പിടിച്ചു.

ഡൽഹി റെയിൽവേ സ്റ്റേഷനിൽ ഒരു ബെഡ്ഡ് മാത്രം വാട യ്ക്ക് കിട്ടുന്ന സത്രത്തിൽ ഒരു രാത്രി താമസിച്ച് ഞങ്ങൾ രണ്ടു വഴിക്കായി പിരിഞ്ഞു. പിറ്റേന്ന്, പ്രഗതി മൈതാനിയിൽ നടക്കുന്ന എക്സ്പോ കാണാൻ വേണ്ടി നടപ്പു തുടങ്ങി. പോകുന്ന വഴി ആളുകൾ ക്യൂ നിൽക്കുന്നതു കണ്ടു. പ്ലാനറ്റേറിയം ആണ്. എങ്കിൽ അതിൽ കയറാമെന്നു കരുതി. ടിക്കറ്റെടുത്ത് കയറി. ആദ്യമായിട്ടാണ് അത്തരമൊരു ദൃശ്യം കാണാൻ കഴിഞ്ഞത്. വീണ്ടും നടപ്പു തുടർന്നു. ഹിന്ദി അറിയാവുന്നതിനാൽ ആളുകളോട് വഴി ചോദിച്ചാണ് യാത്ര അങ്ങനെ പ്രഗതി മൈതാനത്ത് എത്തി പ്രദർശനം കണ്ടു. പിറ്റേ ദിവസം ഡൽഹിയിലെ മറ്റു കാഴ്ചകൾ കാണാൻപോയി. ഡൽഹി ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ ജോലി ചെയ്യുന്ന മാത്യു ചേട്ടനെ (ഗ്രേസിയുടെ ചേച്ചിയുടെ ഭർത്താവ്) കണ്ടുപിടിക്കാൻ വേണ്ടി രണ്ടു ദിവസത്തോളം പലവഴി അലഞ്ഞുതിരിഞ്ഞു നടക്കേണ്ടി വന്നു. ഒരു സിഗരറ്റ് കടക്കാരന്റെ സഹായത്തോടെ മാത്യു ചേട്ടനെയും കണ്ടുപി ടിച്ചു. അപ്പോഴേക്കും എനിക്ക് ചേച്ചിയുടെ അടുത്തേക്ക് മടങ്ങാ നുള്ള സമയമായി. തിരികെ സത്രത്തിലെത്തി. കൂട്ടുകാരനെ വീണ്ടും

കണ്ടുമുട്ടി. പിരിയും നേരം അയാൾ എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞത് ഇന്നും ഓർക്കുന്നു. വൈകാതെ 'അമലായി'യിൽ മടങ്ങിയെത്തി ചേച്ചിയെ ബോംബെയിൽ എത്തിച്ച് കെനിയായിലേക്ക് വിമാനത്തിൽ കയറ്റി വിട്ടുകഴിഞ്ഞാണ് നാട്ടിലേക്ക് മടങ്ങിയത്. ഡൽഹി യാത്ര ഗ്രേസിയോടു പറയാതെയായിരുന്നുവെങ്കിലും പിന്നീട് എല്ലാ യാത്രകളിലും ഗ്രേസി ഒപ്പമുണ്ടായിരുന്നു. മലേഷ്യ, വിശുദ്ധനാട്, വിവിധ യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ, കാശ്മീർ എന്നിവിടങ്ങളിലൊക്കെ ഞങ്ങൾ രണ്ടുപേരും കൂടിത്തന്നെയാണ് യാത്രകൾ നടത്തിയത്. ശാരീരിക ക്ഷീണം ഒക്കെയുണ്ടെങ്കിലും യാത്ര എന്നുകേട്ടാൽത്തന്നെ മുന്നിലുണ്ടാകും.

കച്ചവടത്തിന്റെയും കൃഷിയുടെയും തിരക്കിനിടയിൽ ഒരു തവണ പള്ളി കൈക്കാരനാകാനുള്ള നിയോഗവും എനിക്കുണ്ടായി. ബഹു. ജേക്കബ് പുത്തൻപുരയച്ചന്റെ കാലത്ത് മണ്ണാനിക്കാട്ട് മാണി ച്ചേട്ടൻ, ചക്കുംമൂട്ടിൽ കുട്ടായിച്ചേട്ടൻ, തറപ്പേൽ കുഞ്ഞേട്ടൻ എന്നി വരോടൊത്ത് ഒരു കൊല്ലം കൈക്കാരനായി സേവനം ചെയ്തു. പള്ളി മലയിലെ റബ്ബർത്തോട്ടം റീപ്ലാന്റിംഗ് ആ സമയത്തായിരുന്നു. കൈക്കാ രനായിരിക്കെ എന്നെ വളരെ സഹായിച്ച പൈമ്പിള്ളി കുര്യാക്കോ ചേട്ടനേയും ഒത്തിരി സ്നേഹം പകർന്ന ജേക്കബ് പുത്തൻപുര യച്ചനേയും പ്രത്യേകം സ്മരിക്കുന്നു.

മക്കൾ എല്ലാവർക്കും എല്ലാ സൗകര്യങ്ങളും വളരെ കൃത്യതയോടെ ക്രമീകരിച്ചു തന്ന ചാച്ചൻ 1992 ലും അമ്മ 1995 ലും നിത്യസമ്മാനത്തിനായി വിട പറഞ്ഞു. സഹോദരങ്ങളിൽ ജോസ് ചേട്ടനും, തോമസ് ചേട്ടനും, മത്തായിക്കുഞ്ഞേട്ടനും, ദേവസ്യാ ചേട്ട നും, എന്റെ സഹജാതയായ ഏലിയാമ്മയും നിര്യാതരായി. കടയുടെ ഉത്തരവാദിത്തങ്ങളൊക്കെ ഇപ്പോൾ മക്കൾ കൈകാര്യം ചെയ്യുന്നു. മൂത്തമകൻ ബിജു വേറെ താമസിക്കുന്നു. രണ്ടാമത്തെ മകൻ സൂരജും കുടുംബവും എന്നോടൊത്തുണ്ട്. ഇളയമകൻ രാജ് കുടുംബസമേതം ഖത്തറിലാണുള്ളത്. എന്റെ പഴയ ഓർമ്മകളിലേക്ക് ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കാൻ അവസരമൊരുക്കിയ ഹൃദയനാദത്തിനും ജോസഫ് സാറിനും ബഹു. അച്ചന്മാർക്കും നന്ദി പറയുന്നു. തുരങ്ക പാതയും ദേശീയ പാതയുമൊക്കെ വന്ന് തിരുവമ്പാടി ഇനിയും ഒരുപാട് വികസിക്കുന്നതുകാണാൻ ഭാഗ്യമുണ്ടാകട്ടെയെന്ന് പ്രാർ ത്ഥിക്കുന്നു. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

## കെ.എം. വർക്കി കൊട്ടാരത്തിൽ

തിരുവമ്പാടിയിലെ ആദ്യ കുടിയേറ്റക്കാരിൽ ഒരാളായ കൊട്ടാരത്തിൽ മത്തായിയുടെ അഞ്ചാമത്തെ മകനായ വക്കൻ ചേട്ടൻ 1943 ൽ കുറിച്ചിത്താനത്തു ജനിച്ചു. രണ്ടാം വയസ്സിൽ കുടുംബത്തോടൊത്ത് തിരുവമ്പാടിയിൽ എത്തി. തിരുവമ്പാടി യു.പി. സ്കൂളിലും ഹൈസ്കൂളിലും പഠിക്കുന്ന കാലത്ത് നല്ല

കായികതാരമായിരുന്നു. ജോസ് ബ്രദേഴ്സ് തുണിക്കടയുടെ നേതൃനിരയിൽ ഒരാൾ എന്നതിലുപരി ഒരു നല്ല കൃഷിക്കാര നായി ജീവിക്കുന്നതിൽ ഏറെ സംതൃപ്തി കണ്ടെത്തിയ വക്കൻ ചേട്ടൻ മനോഹരമായ പൂന്തോട്ടത്തിന്റെയും പരിപാലകനാണ്. വല്യപ്പൻ കുര്യൻ, പിതാവ് മത്തായി, എന്നിവരുടെ പാത പിന്തു ടർന്ന് ഇടവകാ പ്രവർത്തനങ്ങളിൽ മുൻനിരക്കാരനായും കൈക്കാരനായും കമ്മിറ്റിക്കാരനായും ഒക്കെ സേവനം ചെയ്തി ട്ടുള്ള വക്കൻ ചേട്ടൻ സ്വതസിദ്ധമായ ഫലിതവാസന കൊണ്ടും സ്നേഹപൂർവ്വമായ ഇടപെടലുകൾ കൊണ്ടും വലിയൊരു സൗഹൃദവലയത്തിനുടമയാണ്. യാത്രകൾ ഇഷ്ടപ്പെടുന്ന വക്കൻ ചേട്ടനും ഗ്രേസി ചേച്ചിയും ഇതിനകം 16 രാജ്യങ്ങൾ സന്ദർശിച്ചു കഴിഞ്ഞു. ഇനിയുമൊരു ഗൾഫ് യാത്രയ്ക്കായി ഒരുങ്ങിയിരിക്കുകയാണ്.

**കുടുംബ വിവരങ്ങൾ**

പിതാവ് മത്തായി - 1990 ൽ മരിച്ചു.

മാതാവ് കുഞ്ഞേലി - 1993 ൽ മരിച്ചു.

സഹോദരങ്ങൾ - ജോസ്, തോമസ്, മത്തായിക്കുഞ്ഞ്, ദേവ സ്യ, ഏലിയാമ്മ അഴകത്ത് എന്നിവർ നിര്യാതരായി.

മറ്റു സഹോദരങ്ങൾ - മേരി (കോതമ്പനാനിയിൽ)

ചിന്നമ്മ - (പനച്ചിക്കൽ), അപ്പച്ചൻ (ഫ്രാൻസിസ്), ബേബി (പോൾ കെ. മാത്യു), തെയ്യാമ്മ (സി. ടെസ്സി മരിയ സി.എം.സി.) ദ്വാരക

ഭാര്യ - ഗ്രേസി മുണ്ടന്താനത്ത് തലയാട്

**മക്കൾ** - ബിജു (ജോസ് & ബ്രദേഴ്സ്) ഭാര്യ - സക്ന കാര നിരപ്പേൽ തരിയോട്

സൂരജ് (ജോസ് & ബ്രദേഴ്സ്) ഭാര്യ - ഹെക്സിന ഇളംതുരുത്തിൽ

രാജ് (എഞ്ചിനീയർ, ഖത്തർ) ഭാര്യ - അഞ്ജു അമ്പലത്തു രുത്തേൽ തലശ്ശേരി


**കൊച്ചുമക്കൾ** : റോഷിക്, റോൺ, സിന്റ, സിയോൺ, റിയോൺ, റിഹാൻ.

ഹൃദയനാദത്തിനുവേണ്ടി ഓർമ്മകൾ പങ്കുവെച്ച പ്രിയ വക്കൻ ചേട്ടന് നന്ദി പറയുന്നതോടൊപ്പം, നല്ല ആരോഗ്യവും ദീർഘായുസ്സും ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

**കെ.ടി. ജോസഫ്**

എഡിറ്റർ, ഹൃദയനാദം

# ഓർമ്മച്ചെപ്പിന്റെ ആദരാഞ്ജലികൾ



ഹൃദയനാദം 2023 നവംബർ - ഡിസംബർ ലക്കം ഓർമ്മച്ചെപ്പ് പംക്തിയിൽ, ഗിയറും ബ്രേക്കും സ്റ്റിയറിംഗുമായി ഇഴുകിച്ചേർന്ന, ഏഴു പതിറ്റാണ്ടുകാലത്തെ ജീവിതാനുഭവങ്ങൾ നമ്മോടു ഹൃദയസ്പർശിയായി വിവരിച്ച ആനന്ദശ്ശേരിയിൽ കെ.സി. ജോസഫ് എന്ന അപ്പച്ചൻ ചേട്ടൻ ഇക്കഴിഞ്ഞ മെയ് 28 ന് നിത്യസമ്മാനത്തിനായി വിട പറഞ്ഞു. വാർധക്യസഹജമായ രോഗപീഡകളുണ്ടെങ്കിലും ഒരു ദിവസം പോലും കിടപ്പിലാകാതെ ഒരു ഭാഗ്യമരണമാണ് ദൈവം അദ്ദേഹത്തിനു സമ്മാനമായി നൽകിയത്. പാലായിലെ ചെമ്മലമറ്റത്തു ജനിച്ച് ചെമ്പേരിയിൽ കുടിയേറി, പുല്ലൂരാംപാറയിൽ സ്ഥിരതാമസമാക്കിയ അപ്പച്ചൻ ചേട്ടൻ 2007ലാണ് തിരുവമ്പാടി ഇടവകയിലെ നാൽപതുമേനി സെന്റ് ആഗ്നസ് വാർഡിൽ താമസമാക്കിയത്. ആറാം ക്ലാസ്സിൽ പഠനം നിർത്തി പിതാവിനെ ജോലികളിൽ സഹായിക്കുകയായിരുന്നു. പുല്ലൂരാംപാറ പള്ളിയിൽ അൾത്താര ശുശ്രൂഷിയായിരുന്ന പിതാവിന്റെ സഹായിയായി. മെയിൽ കാരിയർ ആയിക്കൂടി ജോലി ചെയ്തിരുന്ന പിതാവിന് പകരക്കാരനായി ആ ജോലിയും ചെയ്തു. ആനക്കാംപൊയിലിൽ പോസ്റ്റ് ഓഫീസ് ആരംഭിച്ചപ്പോൾ ആനക്കാംപൊയിലേക്കുള്ള തപാൽ വാഹകനും ആയി. സ്വന്തം ജീപ്പിൽ ഡ്രൈവിംഗ് പരിശീലിപ്പിച്ച്, തലശ്ശേരിയിൽ കൊണ്ടുപോയി ഡ്രൈവിംഗ് ലൈസൻസ് എടുത്തുകൊടുത്ത് ജീവിതമാർഗ്ഗം തെളിയിച്ച ബെർണാഡിൻ അച്ചൻ തനിക്കൊരു മാലാഖയെപ്പോലെ ആയിരുന്നു എന്ന അപ്പച്ചൻ ചേട്ടന്റെ വാക്കുകൾ സ്നേഹാർദ്രമായിരുന്നു. അച്ചന്റെ ജീപ്പ് ഡ്രൈവറിൽ നിന്ന് ടാക്സി ഡ്രൈവറായും ലോറി ഡ്രൈവർ ആയും സ്വകാര്യ ബസ് ഡ്രൈവർ ആയും കെ.എസ്.ആർ.ടി.സി. ഡ്രൈവർ ആയും എല്ലാം അദ്ദേഹം ജീവിതയാത്രയിൽ ഏറെക്കാലവും വളയം നിയന്ത്രിക്കുകയായിരുന്നു.

2007 മുതൽ വിൻസെന്റ് ഡി പോൾ സംഘടനയിലും, പെയിൻ ആന്റ് പാലിയേറ്റീവിലും അപ്പച്ചൻ ചേട്ടൻ സേവനം കാഴ്ചവെച്ചിരുന്നു.

അപ്പച്ചൻ ചേട്ടന്റെ ഭാര്യ ആക്കയിൽ കുടുംബാംഗമായ അച്ചാമ്മചേച്ചിയോടും മക്കൾ സാലി, ഷൈനി എന്നിവരോടും എല്ലാ കുടുംബാംഗങ്ങളോടും ഹൃദയനാദത്തിന്റെ അനുശോചനം നേരുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എഡിറ്റർ, ഹൃദയനാദം

# തിരുവമ്പാടി ഇന്നലെയും ഇന്നും

ജോമോൻ ലൂക്കോസ്




തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് 1962 ജനുവരി 1 നു രൂപീകൃതമായി. 2011 ലെ സെൻസസ് കണക്കു പ്രകാരം മൊത്തം ജനസംഖ്യ 28820. കുടുംബങ്ങൾ 6771. എന്നാൽ തിരുവമ്പാടി എന്ന പേര് 1805 ൽ മുതൽ ബ്രിട്ടീഷ് രേഖകളിൽ ഉണ്ട്.ആദ്യത്തെ തിരുവമ്പാടി അംശം (village) ഇന്നത്തെ വയനാട് ചുരം കയറുമ്പോൾ വലതു വശത്തു നിന്ന് തുടങ്ങി വടക്ക് വയനാട് ജില്ലാ അതിർത്തി കിഴക്ക് നിലമ്പൂർ കാട് അതായത് മലപ്പുറം ജില്ല. തെക്ക് കൂടത്തായി വില്ലേജ്, നീലേശ്വരം വില്ലേജ്, താഴക്കോട് ദേശം (മുക്കം) കൊടിയത്തൂർ വില്ലേജ്, ഊർങ്ങാട്ടിരി. (വെറ്റിലപ്പാറ) ഇത്രയും സ്ഥലങ്ങൾ ഉൾകൊള്ളുന്നതായിരുന്നു കാലാകാലങ്ങളിൽ വന്ന വില്ലേജ് വിഭജനത്തെ തുടർന്ന് കുമാരനെല്ലൂർ വില്ലേജ്, കോടഞ്ചേരി, കൂടരഞ്ഞി, നെല്ലിപ്പൊയിൽ വില്ലേജ് കൾ വന്നു.ഇതിൽ റിസർവ്വെയുള്ള കൂടരഞ്ഞി ദേശം മുഴുവനും കൂടരഞ്ഞിക്ക് പോയി. ചെറുപ്ര, മരക്കാട്ടുപുറം എന്നിവ പൂർണ്ണമായി തിരുവമ്പാടി വില്ലേജിൽ നിർത്തി. എന്നാൽ തിരുവമ്പാടി റിസർവ്വേ ദേശം വയനാട് ചുരത്തിന്റെ ലക്കിടിയിൽ തുടങ്ങി അടിവാരം, കണ്ണോം, കോടഞ്ചേരി ഗവ: കോളേജിന് സമീപം, ശാന്തിനഗർ, തിരുവമ്പാടി റബ്ബർ എസ്റ്റേറ്റിൽ കൂടി വന്ന് ഇരവഞ്ഞിപുഴയിലൂടെ താഴോട്ട് പോയി തോട്ടത്തിൻകടവിനു താഴെ കൽപുഴായി ക്ഷേത്രത്തിന്റെ അതിർത്തി വരെ പോയി മരക്കാട്ടുപുറം തോടിന്റെ അവിടെ നിന്ന് മരക്കാട്ടുപുറം തോടിലൂടെ (ഇപ്പോൾ തിരുവമ്പാടി ഗവ. ആശുപത്രിക്ക് താഴെക്കൂട് ഒഴുകുന്ന തോട്) കുറച്ചു കൂടി മുന്നോട്ട് പോയി വയൽ മുറിച്ച് കടന്ന് തിരുവമ്പാടി എസ്റ്റേറ്റിലൂടെ അണ്ടിക്കാട് എന്ന സ്ഥലത്ത്. തിരുവമ്പാടി, മരക്കാട്ടുപുറം, കൂടരഞ്ഞി ദേശങ്ങൾ കൂട്ടി മുട്ടുന്ന TRY JUNCTION ൽ നിൽക്കുന്നു. തുടർന്ന് തിണ്ടൂർ കണ്ടി, ഒറ്റ പൊയിൽ, നാല്പ്പതുമേനി, പെരുമാലി കുന്ന്. കുബ്ലാട്ടുകുന്നേൽ പടി വഴി പൊയിലിങ്ങാപുഴ വഴി സിലോൺകടവ് പാലം കഴിയുന്ന തോടെ ഇലഞ്ഞിക്കൽ തോട് വഴി ഇലഞ്ഞിക്കൽ വയലിന്റെ കിഴക്കേ അതിർത്തി വഴി തമ്പലമണ്ണ വയലിനെ ഉൾപ്പെടുത്തി, തമ്പലമണ്ണ തോടു വഴി ഇരവഞ്ഞിപുഴ മുറിച്ച് കടന്ന് തിരുവമ്പാടി റബ്ബർ എസ്റ്റേറ്റിൽ കൂടി യാത്രയായി ചെമ്പുകടവ് പള്ളിക്ക് മുമ്പേ മഞ്ഞുമല പള്ളി ഉൾപ്പെടാതെ South wayanad boundary ൽ മുട്ടുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ളത് തിരുവമ്പാടി ദേശത്തിന്റെ റിസർവ്വേ അതിർത്തിയാണ്. ഇത് നമ്മുടെ വില്ലേജിൽ എത്തുന്നത് 1930-1935. കാലഘട്ടത്തിലാണ്. ഇതിൽ ആകെ റിസർവ്വേ നമ്പറുകൾ 145. ഇതിൽ ഒന്നാം നമ്പർ തുടങ്ങുന്നത് അടിവാരം ഭാഗത്ത് നിന്നാണ്. അടിവാരം ഭാഗത്ത്

കുറച്ച് ഭാഗം റോഡിന്റെ ഇരുവശവും പഴയ തിരുവമ്പാടിയാണ്. എന്നാൽ കുറച്ച് ഭാഗം കഴിഞ്ഞാൽ ചുരത്തിന്റെ ഇടതു വശം ലക്കിടി വരെ പുതുപ്പാടി വില്ലേജാണ്. വില്ലേജ് വിഭജനത്തേ തുടർന്ന് 1 മുതൽ 64 വരെ കോടഞ്ചേരി വില്ലേജായി. 65 ഇരവഞ്ഞിപുഴയാണ്. 66 മുതൽ 145 വരെ തിരുവമ്പാടി വില്ലേജിലുമാണ്. ഐക്യ കേരള രൂപീകരണത്തിനു ശേഷം, ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കാൻ വേണ്ടിയും, കൈവശക്കാരന് പട്ടയം കൊടുക്കാൻ വേണ്ടിയും കേരള സർവ്വെ വകുപ്പ് സർവ്വെ നടത്തി. ഈ സർവ്വെ, വില്ലേജ് മൊത്തം ചെയ്യാതെ അതാത് വില്ലേജിൽ BRITISH RESURVEY എവിടെ വരെ ഉണ്ടോ അവിടെ നിന്ന് തുടങ്ങി.

തിരുവമ്പാടി ഏത് രാജാവിന്റെ കീഴിലുള്ളതായിരുന്നു? തിരുവമ്പാടി തെളിഞ്ഞ പ്രദേശങ്ങൾ കൂടുതലും കല്പ്പകശ്ശേരി കാരണവരുടേതും, വനത്തോട് ചേർന്ന ഭാഗങ്ങൾ മണ്ണിലേടത്ത് നായേർസ് എന്നിവർക്കായി കോട്ടയം രാജ (പഴശ്ശിരാജ) കൊടുത്തതാണ്. എന്നാൽ ഇന്നുള്ള കൂടരഞ്ഞി വില്ലേജിന്റെ ഭൂരിഭാഗവും കോട്ടയം രാജ മറ്റാർക്കും കൊടുത്തിരുന്നില്ല. മറ്റു രാജാക്കൻമാരോട് ആശ്രയം പുലർത്തി കൊണ്ടു തന്നെ സ്വതന്ത്രമായി കൈവശം വച്ചിരുന്ന ഒരു സ്വതന്ത്ര നായർ വംശം ഇവിടെ ഉണ്ടായിരുന്നു. സാമൂതിരിയോടും അതേ പോലെ കൂറുമ്പ്രനാട്ടിനോടും ഇവർ ഒരേ പോലെ കൂറ് പുലർത്തിയിരുന്നു. യുദ്ധം പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ നായർ പടയാളികളെ അയച്ച് രാജാവിനെ സഹായിച്ചിരുന്നു എങ്കിലും ഇവർ പൂർണ്ണ സ്വതന്ത്രരായിരുന്നു.

തുടരും...



# പാവനസ്മരണയ്ക്ക്



14–ാം ചരമവാർഷികം
(04.07.2026)

## ചെറിയാൻ
## കുരീക്കാട്ടിൽ

ജനനം : 23.06.1932
മരണം : 04.07.2012

'ഞാൻ നിങ്ങളിൽ നിന്നും വേർപിരിഞ്ഞു പോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോട് കൂടെ ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും കൂടെ ഓർക്കേണമേ...'

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



3–ാം ചരമവാർഷികം
(27.08.2026)

## ജോസഫ് വർക്കി
## (ഔസേപ്പ്)
## കുരീക്കാട്ടിൽ

ജനനം : 01.07.1944
മരണം : 27.08.2023

"ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."
യോഹ. 11:25

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

38 –ാം ചരമവാർഷികം    48 –ാം ചരമവാർഷികം



**സി.എം. പത്രോസ്**
മരണം : 19.06.1988

**മറിയം പത്രോസ്**
മരണം : 08.06.1978

11–ാം ചരമവാർഷികം    12 –ാം ചരമവാർഷികം



**സി.പി. പോൾ**
മരണം : 30.08.2015

**റോസിലി പോൾ**
മരണം : 06.07.2014

പ്രാർത്ഥനാപൂർവ്വം

**ചമ്പക്കുളത്ത് ഫാമിലി**

# സ്നേഹസ്മരണയ്ക്ക്

1–ാം ചരമവാർഷികം (28.08.2026)



## ജോസ്
## പറയൻകുഴിയിൽ

മരണം : 28.08.2025

"ഞാൻ നല്ല പോർ പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു സൂക്ഷിച്ചു; അതുകൊണ്ട് നീതിയുടെ കിരീടം
എനിക്കായി കാത്തിരിക്കുന്നു."

2 തിമോ 4:7

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



2–ാം ചരമവാർഷികം
24.08.2026

## തങ്കമ്മ ജോസഫ്
## ആലക്കൽ

ജനനം : 02.04.1937
മരണം : 24.08.2024

"ഞാനാണ് പുനരുദ്ധാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും"

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

3-ാം ചരമവാർഷികം (14.08.2026)




## മറിയക്കുട്ടി
## പുതിയാമഠത്തിൽ

ജനനം : 24.04.1934
മരണം: 14.08.2023

പ്രാർത്ഥനയോടെ...
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

23-ാം ചരമവാർഷികം (12.08.2026)



**ജോസഫ് (കുഞ്ഞൂട്ടി)**

ജനനം : 07.06.1924
മരണം : 12.08.2003

7-ാം ചരമവാർഷികം (04.08.2026)




**ജോസഫ് (അപ്പച്ചൻകുട്ടി)**

ജനനം : 29.06.1954
മരണം : 04.08.2019

സ്നേഹസ്മരണകളോടെ
**തെക്കേക്കര**
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്




5-ാം ചരമവാർഷികം
(30.08.2026)

**ജോസ് തോമസ്**
**വെട്ടിക്കുഴ**

മരണം: 30.08.2021

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

15-ാം ചരമവാർഷികം (17.07.2026)



**ജോസഫ്**
മരണം : 17.07.2011

1-ാം ചരമവാർഷികം (21.08.2026)



**മേരി ജോസഫ്**
മരണം : 21.08.2025

**തറപ്പേൽ**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# സ്നേഹസ്മരണാഞ്ജലി

വേർപാടിന്റെ 24-ാം വാർഷികം (28.06.2026)



## പ്രദീപ് ജോർജ്ജ്

ജനനം : 29.08.1976

മരണം : 28.06.2002

വേർപാടിന്റെ 9-ാം വാർഷികം (10.06.2026)



## കെ.എം. ജോസഫ്

ജനനം : 14.01.1938

മരണം : 10.06.2017

## കളപ്പുരയിൽ

സന്തപ്ത കുടുംബാംഗങ്ങളും ബന്ധുക്കളും


ദീർഘകാലമായി മനസ്സിനേയും
ശരീരത്തേയും അലട്ടിക്കൊണ്ടിരിക്കുന്ന അസുഖങ്ങൾക്ക്

**ഹോമിയോപ്പതിയിലൂടെ പ്രതിവിധി**



മുടികൊഴിച്ചിൽ, ചർമ്മരോഗങ്ങൾ
അലർജി/ആസ്ത്മ, തലവേദന/മൈഗ്രേൻ
നടുവേദന/സന്ധിവേദന, ശിശുരോഗങ്ങൾ
പൈൽസ്/ഉദരരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ
മഞ്ഞപ്പിത്തം, സ്വഭാവ/പഠന വൈകല്യങ്ങൾ

**Dr. BESTY JOSE** MD (Hom)

Consulting Hrs :
9.30 am to 1.30 pm
3.00 pm to 6.30 pm

ഞായർ അവധി

**Dr. Besty's**
**HOMOEO MEDI CARE**

കോൺവെന്റ് ബിൽഡിംഗ്, തിരുവമ്പാടി

For Booking
7306 736 266
9048 007 653

drbestys

www.drbestys.com

# പാവനസ്മരണയ്ക്ക്

26-ാം ചരമവാർഷികം 22-ാം ചരമവാർഷികം



**മത്തായി**
ജനനം : 25.09.1929
മരണം : 13.08.2000

**ബ്രിജിറ്റ് മത്തായി**
ജനനം : 15.06.1932
മരണം : 03.07.2004

**തൊമരക്കാട്ടിൽ**

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

# തൊമരക്കാട്ടിൽ

ഹാർഡ്‌വേഴ്സ് 2252128

ഇലക്ട്രിക്കൽസ് 2253601

ഫർണ്ണിച്ചർ ഏജൻസീസ് 2253032

ടൈൽ ഗാലറി 2252190

ഷീറ്റ്സ് & പൈപ്പ്സ് 9847239789



# ഹോമിയോപ്പതി : പാർശ്വഫലങ്ങളിൽ നിന്നും വിമുക്തമായ സമഗ്ര ചികിത്സാരീതി



**ഡോ. N.S. സന്തോഷ് BSc. BHMS**

Consultant Homoeopath

Mob : 9447 328 028. Email : drsanthoshns@gmail.com

**പരിശോധന സമയം**

**താഴെ തിരുവമ്പാടി**


7.00 am - 12.00 am
7.30 pm - 8.30 pm

**സെന്റ് സെബാസ്റ്റ്യൻസ് ഹോമിയോ ക്ലിനിക് കൂടരഞ്ഞി**

2.00 pm - 7.00 pm










Since 1997

- സ്റ്റേജ്, മണ്ഡപം ഡക്കറേഷൻ
- ഫ്ളവർ ഡക്കറേഷൻ ■ ലൈറ്റ് സെറ്റിംഗ്
- ടേബിൾ, ചെയർ ഡക്കറേഷൻ
- ബുഫേ കൗണ്ടേഴ്സ് ■ എ.സി. & കൂളർ
- ഫ്യൂണറൽ അറേയ്ഞ്ച്മെന്റ്
- മോർച്ചറി ഫ്രീസർ, ജനറേറ്റർ....

# FINGERS DECORATION & EVENTS

സഹ. ബാങ്കിന് എതിർവശം, തിരുവമ്പാടി,
Ph: 9447 26 24 30, 9645 03 41 11

# വിശ്വാസത്തോടും പ്രതീക്ഷയോടും



ജൂലൈ 3 – നമ്മുടെ വിശ്വാസപൈതൃകത്തിന്റെ അടിസ്ഥാന ശിലയായ മാർത്തോമ്മാശ്ലീഹായുടെ സ്മരണയുണർത്തുന്ന ദുക്റാനത്തിരുനാൾ! താമരശ്ശേരി രൂപത സ്ഥാപനത്തിന്റെയും പ്രഥമ മെത്രാനായി മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ സ്ഥാനാരോഹണത്തിന്റെയും മഹത്വപൂർണ്ണമായ ചടങ്ങുകൾ 40 വർഷം മുമ്പ് നമ്മുടെ ദേവാലയത്തിൽ നടന്നതിന്റെ അനുസ്മരണദിനം. 2004 ജൂലൈ 3 ന് ഒരു എളിയ സംരംഭമായി പ്രകാശനം ചെയ്യപ്പെട്ട 'പാരിഷ് ബുള്ളറ്റിൻ ഹൃദയനാദ'ത്തിന്റെ പിറന്നാൾ ദിനം. ഇടവകയിൽ അന്നുണ്ടായിരുന്ന 620 കുടുംബങ്ങളുടെ പ്രതിനിധിയായി മുതിർന്ന ഇടവകാംഗമായ വെട്ടിക്കൽ വർക്കിച്ചേട്ടന് ആദ്യപ്രതി നൽകിക്കൊണ്ടാണ് ബഹു. സെബാസ്റ്റ്യൻ പൂക്കുളമച്ചൻ ഹൃദയനാദം ഉദ്ഘാടനം ചെയ്തത്.

ഇക്കഴിഞ്ഞ 22 വർഷങ്ങളിൽ ഹൃദയനാദത്തിന്റെ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാരേയും ബഹു. കൊച്ചച്ചന്മാരേയും വിവിധ കാലഘട്ടങ്ങളിൽ ചേർന്നു പ്രവർത്തിച്ച ബുള്ളറ്റിൻ കമ്മറ്റിയംഗങ്ങളേയും പ്രത്യേകം സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. 1300 ഓളം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഈ വലിയ ഇടവകാകുടുംബത്തിന്റെ മുഖപത്രമെന്ന നിലയിൽ, കുടുംബ കൂട്ടായ്മകളുടെയും സംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തന മികവുകൾ മനസ്സിലാക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്ന ഇടവകാംഗങ്ങളെ അഭിനന്ദിക്കാനും ആശംസകൾ അർപ്പിക്കാനും ഇടവകാംഗങ്ങളുടെ ലേഖനങ്ങളും കലാസാഹിത്യരചനകളും ഉൾക്കൊള്ളിക്കാനും ഹൃദയനാദത്തിനു കഴിഞ്ഞിട്ടുണ്ട്.

ഇടവകയുടെയും കുടുംബങ്ങളുടെയും പ്രതീക്ഷകളായ നവമുകുളങ്ങളെ സ്വാഗതം ചെയ്യാനും വിവാഹമെന്ന കൂദാശയിലൂടെ ജന്മം കൊള്ളുന്ന പുതിയ കുടുംബങ്ങൾക്ക് മംഗളാശംസകൾ നേരാനും കുടുംബങ്ങളുടെ സന്തോഷാനുഭവങ്ങൾ പങ്കുവയ്ക്കാനും നിത്യസമ്മാനത്തിനായി വിട പറയുന്ന പ്രിയപ്പെട്ട കുടുംബാംഗങ്ങളെ അനുസ്മരിക്കാനും അവർക്കായി പ്രാർത്ഥിക്കാനും എല്ലാം ബുള്ളറ്റിൻ വഴി നമുക്കു സാധിക്കുന്നുണ്ട്.

ഈ 22 വർഷവും ഹൃദയനാദത്തിന്റെ ഹൃദയസ്പന്ദനങ്ങളിൽ ഒരു ഭാഗമാകാൻ അനുഗ്രഹിച്ച ഈശോയുടെ തിരുഹൃദയത്തിനു നന്ദിയും സ്തുതിയും! എല്ലായ്പ്പോഴും പ്രോത്സാഹനം നൽകുന്ന ബഹു. നാഗപറമ്പിലച്ചനേയും കൊച്ചച്ചനേയും നന്ദിയോടെ സ്മരിക്കുന്നു.

2004 ൽ ഒരു ലക്കം 650 പുസ്തകം ഇറക്കാൻ 3500 രൂപയായിരുന്ന ചെലവ് ഇന്നിപ്പോൾ ഒരു ലക്കം 1150 പുസ്തകം ഇറക്കാൻ 50000/- രൂപയോളം ചെലവു വരുന്നുണ്ട്. പരസ്യങ്ങൾ കൊണ്ടുമാത്രമാണ് ഈ ചെലവു നേരിടുന്നത്. പരസ്യങ്ങൾ നൽകി സാമ്പത്തികമായി സഹായിക്കുന്ന സ്ഥാപനങ്ങൾ, നല്ലവരായ ഇടവകാംഗങ്ങൾ, പ്രവർത്തനങ്ങളിൽ സഹായിക്കുന്ന കൈക്കാരന്മാർ, വളരെ ജാഗ്രതയോടെ പുസ്തകം വിതരണം ചെയ്യുന്ന യൂണിറ്റ് കൺവീനർമാർ, സാമ്പത്തിക കാര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്ന അക്കൗണ്ടന്റ് സണ്ണിച്ചേട്ടൻ എന്നിവരെയൊക്കെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഒരു തലമുറമാറ്റത്തിനു സമയം വൈകി. നമ്മുടെ ഇടവകയുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, വളരെ ഉത്തരവാദിത്തവും ക്ഷമയും ആവശ്യമുള്ള ഈ പ്രവർത്തനം മുന്നോട്ടു നയിക്കാൻ, നിസ്വാർത്ഥതയോടെ സേവനം ചെയ്യാൻ, പുതുതലമുറയിലെ സുമനസ്സുകൾ മുന്നോട്ടു വരുമെന്ന ശുഭപ്രതീക്ഷയോടെ, ഈശോയുടെ തിരുഹൃദയത്തിന്റെ കാരുണ്യസ്പർശവും ദുക്റാന തിരുനാളിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളാശംസകളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

**കെ.ടി. ജോസഫ്**
**കുറ്റിക്കാട്ടുമണ്ണിൽ**

# വിവാഹിതരായി

1. കാഞ്ഞിരക്കാട്ടുതൊട്ടിയിൽ ജോസ് മാത്യു - ചിന്നമ്മ മകൻ **ജെറിയും** പാലാ രൂപത ശാന്തിപുരം സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഇടവക മാവേലിൽ മാത്യു - ജിമ്മി മകൾ **സ്നേഹയും** 21.05.2026 നു വിവാഹിതരായി.
2. ചക്കിട്ടമുറിയിൽ ജോസ് - മേരിക്കുട്ടി മകൻ **സോണിയും** കൂടരഞ്ഞി ഇടവക വരകാപ്പിള്ളിൽ തങ്കച്ചൻ - ആലീസ് മകൾ **പ്രെയ്സിയും** 04.05.2026നു വിവാഹിതരായി.

# നവമുകുളങ്ങൾ

1. പുളിയിലക്കാട്ട് ക്രിസ്റ്റിൻ - അലീഷ മകൻ **ജോർഡൻ**
ജനനം 03.01.2026 മാമ്മോദീസ 28.04.2026


2. ഉള്ളാട്ടിൽ ജോൺ - ബെർട്ടീന മകൻ **മാത്യു**
ജനനം 05.09.2025 മാമ്മോദീസ 23.05.2026

3. മനപ്പുറത്ത് സാജൻ - മഞ്ജുഷ മകൾ **എസ്തേർ**
ജനനം 14.02.2026 മാമ്മോദീസ 27.05.2026


4. പുലക്കുടിയിൽ എമിൽ - ഡോണ മകൾ **ഹന്ന**
ജനനം 08.11.2025 മാമ്മോദീസ 28.05.2026

5. പ്ലാത്തോട്ടത്തിൽ റോഹിൻ - ടിയ മകൾ **ലീലാ ആൻ**
ജനനം 14.06.2025 മാമ്മോദീസ 06.06.2026

# നിത്യസമ്മാനത്തിനായി




**ജോസഫ്**
**അരീക്കൽ**
മരണം: 19.04.2026



**കെ.സി. ജോസഫ്**
**ആനന്ദശ്ശേരിൽ**
മരണം: 28.05.2026



**ഏലിയാമ്മ മത്തായി**
**ചക്കുംമൂട്ടിൽ**
മരണം: 03.06.2026



**ടി.എം. പാപ്പച്ചൻ**
**തെക്കേൽ**
മരണം: 24.06.2026



**ടെസ്സി റെജി**
**കരിമ്പീച്ചിയിൽ**
മരണം: 27.06.2026

# വചനം അനുദിന വായനയ്ക്ക്

## 2026 ജൂലൈ

1 ബു ലൂക്കാ 1:26-38 2 കോറി 3:4-11
2 വ്യാ യോഹ 17:20-26 എഫെ 3:14-21
3 വെ യോഹ 20:24-29 എഫെ 2:19-22
4 ശ ലൂക്കാ 8:1-8 ശ്ലീഹ 6:1-7
5 ഞാ യോഹ 14:15-20, 25-26 ഗലാ 5:16-26 സംഖ്യ 11:16-18, 24-30
6 തി മത്താ 3:4-12 എഫെ 1:3-14
7 ചൊ യോഹ 3:1-12 തീത്തോ 3:1-7
8 ബു മർക്കോ 3:20-30 1 കോറി 12:1-11
9 വ്യാ മത്താ 16:1-12 ഹെബ്രാ 3:7-19
10 വെ ലൂക്കാ 10:1-12, 17-20 2 കോറി 6:1-10 ഏശ 50:4-10
11 ശ യോഹ 16:16-24 റോമ 14:13-19
12 ഞാ മത്താ 10:1-15 വെളി 21:9-21 ഉല്പ 35:23-29,
13 തി മത്താ 16:13-20 എഫെ 2:11-22
14 ചൊ യോഹ 4:31-38 ഗലാ 1:10-16
15 ബു ലൂക്കാ 12:41-48, 1 തിമോ 4:12-16
16 വ്യാ യോഹ 21:20-25, ലൂക്കാ 11:24-28 വെളി 14:1-5
17 വെ ലൂക്കാ 1:67, 76-80 ഗലാ 1:6-10
18 ശ യോഹ 11:1-16 ഫിലി 1:19-26
19 ഞാ യോഹ 15:1-8 റോമ 11:17-24 നിയ 28:1-14
20 തി യോഹ 15:9-17 കൊളോ 1:1-8
21 ചൊ മത്താ 20:1-16 2 പത്രോ 3:8-13
22 ബു ലൂക്കാ 17:11-19, യോഹ 20:1-18 1 തെസ 5:12-22
23 വ്യാ മത്താ 21:18-22 ഗലാ 6:6-10
24 വെ യോഹ 14:1-11 1 കോറി 3:5-11
25 ശ മത്താ 7:7-11, റോമ 15:30-31
26 ഞാ ലൂക്കാ 10:38-42 റോമ 12:3-8 റൂത്ത് 1:6-18
27 തി മത്താ 7:12-20 തീത്തോ 2:1-10
28 ചൊ മത്താ 19:3-12 1 കോറി 7:1-7
29 ബു യോഹ 13:1-15, 11:17-26 റോമ 12:14-21
30 വ്യാ മത്താ 21:28-32 1 തിമോ 6:1-6
31 വെ മത്താ 18:21-35, റോമ 15:1-6

## 2026 ഓഗസ്റ്റ്

1 ശ മർക്കോ 12:28-33, റോമാ 8:1-11
2 ഞാ മത്താ 13:44-52, 2 തെസ 2:13-17, നിയമ 6:1-9
3 തി മർക്കോ 8:22-30, എഫെ 1:15-20
4 ചൊ മത്താ 9:35-10:1, 2 കോറി 1:3-7
5 ബു ലൂക്കാ 10:25-37, ഗലാ 3:19-25
6 വ്യാ മത്താ 17:1-9, ഹെബ്രാ 12:18-29
7 വെ മർക്കോ 9:42-50, റോമാ 14:13-23
8 ശ ലൂക്കാ 9:57-62, 1 കോറി 2:1-10
9 ഞാ ലൂക്കാ 11:14-26, യൂദാ 1:8-13, ലേവ്യ 16:20-28,
10 തി ലൂക്കാ 8:26-39, വെളി 12:7-12
11 ചൊ മത്താ 19:27-29, ഫിലി 3:8-14
12 ബു മത്താ 21:12-17, 1 തെസ 4:1-8
13 വ്യാ മർക്കോ 1:40-45, 1 തെസ 3:6-13
14 വെ ലൂക്കാ 9:23-26, 1 പത്രോ 3:14-17
15 ശ യോഹ 2:1-12, ശ്ലീഹ 1:6-14
16 ഞാ യോഹ 6:16-24, വെളി 21:9-14, ഉത്പ 8:1-11
17 തി മത്താ 16:13-20, എഫെ 5:22-33
18 ചൊ ലൂക്കാ 12:22-34, ശ്ലീഹ 4:32-37
19 ബു യോഹ 21:1-12, എഫെ 4:1-6
20 വ്യാ യോഹ 8:31-38, 2 കോറി 3:12-18
21 വെ യോഹ 21:15-19, 1 തെസ 2:2-4
22 ശ മത്താ 18:15-20, 1 കോറി 12:12-27
23 ഞാ മത്താ 6:19-24, യാക്കോ 4:1-10
24 തി ലൂക്കാ 6:12-19, 1 കോറി 12:27-31
25 ചൊ ലൂക്കാ 12:13-21, 2 പത്രോ 1:1-11
26 ബു ലൂക്കാ 16:19-31, 1 യോഹ 3:11-18
27 വ്യാ ലൂക്കാ 6:27-36, 1 കോറി 6:1-11
28 വെ മത്താ 5:13-19, 2 കോറി 5:14-21
29 ശ മർക്കോ 10:35-45, 1 തെസ 4:1-8
30 ഞാ മർക്കോ 9:2-13, 1 കോറി 15:35-50, പുറ 34:28-35
31 തി ലൂക്കാ 23:33-43, 1 കോറി 2:9-15

SUCCESS Garten
Freedom Through Language

# Success Garten

Different English Exams. One Destination. One Dream.

Garten IELTS | Garten PTE | Garten OET | Garten TOEFL | Garten CELPIP | Garten LanguageCert | Anglo Garten

## Chintu M. Raju

Founder – Director – Chief Trainer

MFSc (*CIFT*) | MBA (UGC-NET)
MA English | PGDTM (XLRI)
PGDTRM



# SUCCESS GARTEN APPROVED AS AN OFFICIAL LANGUAGECERT INTERNATIONAL EXAMINATION CENTRE at Thiruvambady

*From a Village Dream to an International Exam Centre*

*Thank You for Being Part of This Journey*

Let us continue to uphold the integrity, genuineness, and excellence of every language examination.

Accredited by

CAMBRIDGE UNIVERSITY PRESS | idp | IELTS | BRITISH COUNCIL | ETS TOEFL | Pearson Test of English | LANGUAGE CERT | CELPIP

www.successgarten.com | successgarten2010@gmail.com | 9447814774



Success Garten®
16 Years of Linguistic Odyssey
Mathichiparambil Edifice, Thiruvambady.
Mob : 9447814774, 8590038240
www.successgarten.com successgarten2010@gmail.com
Founder - Director - Chief Trainer
CHINTU M. RAJU
(MFSc(CIFT), MBA(UGC-NET),
MA English, PGDTRM, PGDTM(XLRI))
Thank you dear Gartiens for making Success Garten the undisputable leader in all the English language exams!
First half results of 2026!
Garten IELTS: Total 13 overall 8.5 Gartiens; 185 overall 8 Gartiens; 270 overall 7.5 Gartiens
(Gartiens of all these clubs need to have minimum 7 band in each module)
Garten IELTS
Garten IELTS – Ruby, Overall 8 band Club
Zeshan K. Chennamangallur Overall-8 L-8.5, R-8.5, W-7, S-7
Alfred Jude Paul Koodathai Overall-8 L-8, R-8.5, W-7, S-7.5
Dr Anand James Trivandrum Overall-8 L-8, R-9, W-7.5, S-7.5
Dr Norsila Riya Koodaranji Overall-8 L-9, R-8.5, W-7.5, S-7.5
Collin John Maruthomkara Overall-8 L-9, R-9, W-7.5, S-7
Garten PTE
Garten PTE- Zenith 90/90 Club
Anna Mariya Biju Alakkode Overall-90 L-90, R-74, S-90, W-78
Aravind A.R. Mukkam Overall-90 L-83, R-75, S-90, W-79
Mishel Elsa Deepesh Peravur Overall-90 L-87, R-73, S-88, W-78
Melin Mathew Koodaranji Overall-90 L-90, R-75, S-89, W-84
Caroline Raju Koodaranji Overall-90 L-90, R-77, S-90, W-90
Marina Rony Chemperi Overall-90 L-81, R-74, S-90, W-86
Shaun Bineesh Nadavayal Overall-90 L-90, R-79, S-90, W-90
Soniya George Koombara Overall-90 L-90, R-75, S-90, W-83
Garten CELPIP
Bashek M. Calicut Overall -10 L-12, R-9, W-8, S-9
Garten TOEFL
Therese Mariya Jose Thottumukam Overall-92 L-22, R-24, W-23, S-23
Garten OET
Garten OET Perfect B Club Medicine
Dr Basil Stramp Puduppady L-B, R-B, W-B, S-B
Garten PTE Pefect B Club Nursing
Shahana Febin Koduvally L-B, R-B, W-B, S-B
Angel Mariya Koorachund L-B, R-B, W-B, S-B
Let us uphold a genuine training for
IELTS, OET, PTE, TOEFL, CELPIP, LanguageCert & Communicative English!
Come & become a Gartien!
Accredited by
CAMBRIDGE UNIVERSITY PRESS
idp IELTS
BRITISH COUNCIL
ETS TOEFL
Pearson Test of English
LANGUAGE CERT
CELPIP